കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാള ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)1786/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി : 06/02/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാള ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.4)1786/2019 തിയതി.06/02/2020

## തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 2-1-2019 മുതൽ 12-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ് | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-11-2019 മുതൽ 20-11-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശിവദാസൻ .എ.കെ. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ ദിലീപ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.കെ. സുകുമാരൻ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.സ്റ്റാർലി.ഒ.എസ് | 1-4-2018 മുതൽ 20-5-2018 വരെ |
| | ശ്രീമതി.റെജി പോൾ (സെക്രട്ടറി ഇൻ ചാർജ്) | 21-5-2018 മുതൽ 10-6-2018 വരെ |
| | ശ്രീ.സ്റ്റാർലി.ഒ.എസ് | 11-6-2018 മുതൽ 7-8-2018 വരെ |
| | ശ്രീമതി.ബിന്ദു.കെ | 8-8-2018 മുതൽ 10-9-2018 വരെ |
| | ശ്രീമതി.റെജി പോൾ (സെക്രട്ടറി ഇൻ ചാർജ് ) | 11-9-2018 മുതൽ 19-10-2018 വരെ |
| | ശ്രീമതി. ബിന്ദു.കെ | 20-10-2018 മുതൽ 14-11-2018 വരെ |
| | ശ്രീമതി. റെജി പോൾ (സെക്രട്ടറി ഇൻ ചാർജ്) | 15-11-2018 മുതൽ 18-12-2018 വരെ |
| | ശ്രീമതി.ബിന്ദു.കെ | 19-12-2018 മുതൽ 13-3-2019 വരെ |

| | | |
|---|---|---|
| | ശ്രീമതി.റെജി പോൾ (സെക്രട്ടറി ഇൻ ചാർജ്) | 14-3-2019 മുതൽ 31-3-2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.അജിത്ത്.സി.ബി | 1-4-2018 മുതൽ 31-3-2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ഗേളി മേരി ജോർജ് | 1-4-2018 മുതൽ 29-8-2018 വരെ |
| | ശ്രീമതി.ഐവിൻ ഗോഡ്വിൻ ഡിസിൽവ | 29-8-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ (സി എച്ച് സി) | ഡോക്ടർ.ആഷ .പി.എസ്. | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോക്ടർ.ജോർജ് വർഗ്ഗീസ് | 1-4-2018 മുതൽ 20-7-2018 വരെ |
| | ഡോക്ടർ.ജീനാ കുമാരി | 21-7-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോക്ടർ.സിനി.സി | 1-4-2018 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജൻ | ഡോക്ടർ.രാഖി രാജൻ | 1-4-2018 മുതൽ 31-3-2019 വരെ |
| ഹെഡ്മാസ്റ്റർ ജി യു പി എസ് | ശ്രീമതി. എം.ആർ.കോമളവല്ലി | 1-4-2018 മുതൽ 31-3-2019 വരെ |
| വി ഇ ഒ വടമ | ശ്രീമതി.ജയശ്രീ.എം.എസ് | 1-4-2018 മുതൽ 6--3-2019 വരെ |
| വി ഇ ഒ മാള | ശ്രീമതി. ഷിഫാന. പി.എസ് | 1-4-2018 മുതൽ 31-3-2019വരെ |
| അസി. സെക്രട്ടറി | ശ്രീമതി. റെജി പോൾ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സിൽവി | 1-4-2018 മുതൽ 17-7-2018 വരെ |
| | ശ്രീമതി.ശ്രീദേവി, പി.എൽ | 18-7-2018 മുതൽ 10-1-2019 വരെ |
| | ശ്രീമതി.ബിന്ദ്യ | 11-1-2019 മുതൽ 31-3-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. അനില.ടി | 1-4-2018 മുതൽ 8-8-2018 വരെ |
| | ശ്രീമതി.നിഷ .സി | 9-8-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | അനധികൃത രസീത് പിരിവ് -ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 1-13 |
| 14 | രസീതിപരിശോധന -അപാകതകൾ | 1-14 |
| 15 | ഡി.ആന്റ്.ഒ ലൈസൻസ് അപാകതകൾ | 1-15 |
| 16 | പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - അപാകതകൾ | 1-16 |
| 17 | മാർക്കറ്റിലെ കടമുറികൾ ലേലം ചെയ്യാത്തത് 24 എണ്ണം.കട മുറികൾ ശോചനീയാവസ്ഥയിൽ | 1-17 |
| 18 | ലേല നടപടികൾ സംബന്ധിച്ച കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-18 |
| 19 | നിർമ്മാണ പ്രവർത്തനങ്ങളിൽ ബാക്കി വന്ന മെറ്റീരിയൽസിന്റെ ലേലം നടത്തിയില്ല. | 1-19 |
| 20 | തൊഴിൽനികുതി -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 15,331 രൂപ അടവാക്കി | 1-20 |
| 21 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് യുഎ നമ്പർ നൽകിയിട്ടില്ല. | 1-21 |
| 22 | പരിശോധന റിപ്പോർട്ടിന്റെ അഭാവത്തിൽ നിലം കാറ്റഗറിയിൽ ഉൾപ്പെട്ട കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി. | 1-22 |
| 23 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല | 1-23 |
| 24 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 1-24 |
| 25 | പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-25 |
| 26 | ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ട്രെയിനിങ്ങിനായി ചെലവഴിച്ച തുക തിരികെ ലഭ്യമായിട്ടില്ല. | 1-26 |
| 27 | ആസ്തി രജിസ്റ്റർ സംബന്ധിച്ച കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-27 |
| 28 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ബാക്കി കിട്ടാനുള്ള 1089/ രൂപാ വരും ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്. | 1-28 |
| 29 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികൾ വിനിയോഗസാക്ഷ്യ പത്രം ഇല്ല- തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | എം ബുക്ക് പ്രകാരമുള്ള പ്രവർത്തികൾ നടത്തിയതായി ഭൗതിക പരിശോധനയിൽ | 1-30 |

| | | |
|---|---|---|
| | കണ്ടില്ല-പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമല്ല. | |
| 31 | മാള ഗ്രാമ പഞ്ചായത്തിലെ 2018-19 ലെ പാലിയേറ്റീവ് കെയർ പ്രോജക്റ്റുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. | 1-31 |
| 32 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-32 |
| 33 | എസ് എസ് എ വിഹിതം -അധിക തുക നൽകിയത് ക്രമീകരിക്കേണ്ടതാണ്. | 1-33 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങി നൽകൽ-ഒരെണ്ണം വിതരണം നടത്തിയിട്ടില്ല. | 1-34 |
| 35 | നീന്തൽ പരിശീലനം -സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം നടപ്പിലാക്കിയില്ല. | 1-35 |
| 36 | പത്താംതരം തുല്യതക്ക് പരീക്ഷ ഫീസ് അടവാക്കൽ-തുല്യത ക്ളാസിൽ ഹാജരാകാത്ത വ്യക്തികളുടെ ഫീസും അടവാക്കി | 1-36 |
| 37 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. | 1-37 |
| 38 | ആശ്രയ പദ്ധതി ചെലവഴിക്കാതെ അവശേഷിക്കുന്ന ഫണ്ട്-20,67718/-രൂപ | 1-38 |
| 39 | ലൈബ്രറി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-39 |
| 40 | കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതിയിൽ നിന്നും പിൻവാങ്ങിയ ഗുണഭോക്താക്കൾക്ക് അടവാക്കിയ പദ്ധതിവിഹിതം തിരികെ ഈടാക്കി പ്ളാൻഫണ്ടിൽ അടവാക്കേണ്ടതാണ്. | 1-40 |
| 41 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകാതിരുന്നിട്ടും. ഫൈൻ ഈടാക്കിയിട്ടില്ല. | 1-41 |
| 42 | നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല. എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു. | 1-42 |
| 43 | എഞ്ചിനീയറിംഗ് പ്രവർത്തികളിൽ നടപ്പിലാക്കിയതിന്റെ എണ്ണം കുറവ്. ചെലവ് 33% മാത്രം. | 1-43 |
| 44 | ഓഡിറ്റിൽ നിർദ്ദേശിച്ച നടപടികൾ കൈക്കൊള്ളാതെ ബിൽ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.94898 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-44 |
| 45 | മെഷർ ചെയ്ത പ്രവൃത്തിയും യഥാർത്ഥ പ്രവൃത്തിയും ഒന്നല്ല. ആകെ ചെലവ് 158690 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-45 |
| 46 | പദ്ധതി മാർഗ്ഗരേഖ നിർദ്ദേശത്തിനു വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥനെ തീരുമാനിച്ചു. | 1-46 |
| 47 | മാള ഗ്രാമപഞ്ചായത്തിലെ MGNREGS | 1-47 |

| | | |
|---|---|---|
| | പ്രവൃത്തിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. | |
| | ഭാഗം 2<br>വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| 48 | വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല. | 3-1 |
| 49 | നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല. എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു. | 3-2 |
| 50 | അംഗീകരിച്ച ക്വട്ടേഷനേക്കാൾ മെറ്റീരിയൽസിന് വില കൂട്ടുതൽ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അധികം നൽകിയ തുക 7234 രൂപ തിരികെ അടവാക്കേണ്ടതാണ്. | 3-3 |
| 51 | മെഷർ ചെയ്ത പ്രവൃത്തിയും യഥാർത്ഥ പ്രവൃത്തിയും ഒന്നല്ല. ആകെ ചെലവ് 158690 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-4 |
| 52 | എം ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയതായി ഭൗതിക പരിശോധനയിൽ കണ്ടില്ല-പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമല്ല. | 3-5 |
| | ഭാഗം 4 | |
| 53 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 54 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 56 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 57 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 58 | ഓഡിറ്റ് റിക്കവറി | 4-6 |
| 59 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 61 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 63 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 64 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23-2-2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച

ബഡ്ജറ്റ് പ്രകാരം, പ്രതീക്ഷിത വരവ് 205003872/- രൂപയും, പ്രതീക്ഷിത ചെലവ് 190410790/- രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 15-5-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16070499 |
| വരവ് | 113776914 |
| ആകെ | 129847413.97 |
| ചെലവ് | 99977909 |
| നീക്കിയിരിപ്പ് | 29869504.97 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18759000 | 18759000 | 18386859 | 372141 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11406000 | 11406000 | 9169598 | 2236402 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 93000 | 93000 | 93000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9898000 | 9898000 | 6968735 | 2929265 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3898000 | 3898000 | 3125027 | 772973 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10765493 | 10765493 | 8179182 | 2586311 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 102327854 | 115 | 58846119 | 82 | 72 | 57.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49720 | 959319 | 1009039 | 970441 | 38598 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 12247395 | 12247395 | 12247395 | |

നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായ കണക്കുകളാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. ഈ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെട്ടിട്ടില്ല. വ്യത്യാസം തൃപ്തികരമായി വിശദീകരിക്കാൻ പഞ്ചായത്തിനായിട്ടില്ല.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31560 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 9233800 | 2174 |
| വിധവാപെൻഷൻ | 18134900 | 4224 |
| വാർദ്ധക്യകാലപെൻഷൻ | 3121100 | 7072 |
| വികലാംഗപെൻഷൻ | 5058800 | 1168 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1102400 | 254 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58177/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തരനിയന്ത്രണം

<u>മോണിറ്ററിങ്ങ് ഫലപ്രദമല്ല.</u>

പഞ്ചായത്ത് കമ്മിറ്റിയുടെ യോഗങ്ങളിൽ പദ്ധതി അംഗീകരിക്കുന്നുണ്ടെങ്കിലും , പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതായി കാണുന്നില്ല. പദ്ധതി പൂർത്തിയാക്കി ഫയലിൽ, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വയ്ക്കുന്നുണ്ട് എന്നാൽ, പദ്ധതിയുടെ കൃത്യമായ ഒരു മോണിറ്ററിംഗ് നടക്കുന്നില്ല എന്നുള്ളത് ഭൗതിക പരിശോധനയിൽ വ്യക്തമായി.

<u>കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്ററർ തൃപ്തികരമായി സൂക്ഷിക്കുന്നില്ല</u>

കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്ററർ പരിശോധിച്ചതിൽ 32 കമ്പ്യൂട്ടറുകളും 3 ലാപ്ടോപ്,16 പ്രിന്റർ ,സ്കാനർ,യുപിഎസ് 5എണ്ണം,സർവർ3 എന്നിങ്ങനെ ഉപകരണങ്ങൾ സ്റ്റോക്കിൽ ഉണ്ട്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നില്ല.ക്ലീൻ കേരളക്ക് കേടു വന്ന ഉപകരണങ്ങൾ കൈമാറിയതായി ടെക്നിക്കൽ അസിസ്റ്റന്റ് അറിയിച്ചുവെങ്കിലും അവ സ്റ്റോക്കിൽ നിന്നും കുറവ് ചെയ്യാതെ not working, not in use എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-9-2019 | 2019 ഏപ്രിൽ, മേയ്, ജൂൺ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-7-2019 മുതൽ 7-8-2019 വരെ | 2014-15 മുതൽ 2018-19 വരെ | 16-9-2019 |

# 1-11 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16/8/19, 17/8/19 | കെ.എസ്.എ.ടി.എസ്.ആർ.എസ്.1-1120/19(43) തീ.24/8/19 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.അടിസ്ഥാന അനുപാതങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 എഫ്)

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ അല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്.

3.വാർഷികകണക്കിനൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13799005/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19ൽ "Net cash used up by operating + investing + financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22721591/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

4.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 320084 |
| 280100104-Prior period income-Property tax on non residential building | 423839 |
| 280200102-Prior period income-Profession tax /traders | 78180 |
| 280200101-Prior period – income – rent from building | 3750 |

| | |
|---|---|
| 280200401-Prior period – income – other income | 6271 |
| 280800101- Prior period – establishment expenses | 1717 |
| 280800401-Prior period – interest and finance charges | 65799 |
| 280800701-Prior period – miscellaneous expense | 32814 |

5. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്കഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനം, ക്രമീകരിക്കാനം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനം, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനം നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. തൊഴിൽ നികുതി വ്യാപാരികൾ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 163480/-രൂപയും 2017-18ലെ ബാലൻസ് ഷീറ്റ് ബി 15 പ്രകാരം കുടിശ്ശിക പിരിച്ചെടുക്കുവാനുള്ളത് 85300/-രൂപയും ആണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

7. ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ Cheque deposited but not collected ആയി താഴെ പറയുന്ന ചെക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| അക്കൗണ്ട് | ചെക്ക് നം./തീയതി | തുക |
|---|---|---|
| ട്രഷറി ടി എസ് ബി | 6674701/06.03.2018 | 71450 |
| TDCB തനത് ഫണ്ട് | Direct (vr.no.117030500111/06.03.2018) | 11200 |
| TDCB തനത് ഫണ്ട് | 688999/27.02.2018 | 6250 |
| TDCB തനത് ഫണ്ട് | 016356/31.03.2017 | 40000 |

നാളിതുവരെ കളക്ഷൻ ആകാത്ത പ്രസ്തുത ചെക്കുകൾ പ്രകാരമുള്ള തുകകൾ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

8. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരളപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി & ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ

9. ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ തുകകൾ ബി-4 ഷെഡ്യൂളിലും ബി17 ഷെഡ്യൂളിലും പൊരുത്തമില്ല. ബി4 ഷെഡ്യൂളിൽ ഉള്ള ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ തനത് ഫണ്ട് അക്കൗണ്ടിലും ഉൾപ്പെട്ടതിനാലാണ് വ്യത്യാസം വന്നിരിക്കുന്നത്. തനത് ഫണ്ട് അക്കൗണ്ടിൽ ഉൾപ്പെട്ട തുകകൾ പരിശോധിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

10. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I-17ൽ sewerages and drainageന് 24082/-രൂപ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ആസ്തി ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ ഇല്ല.

11. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.19ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.19ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകുന്നുണ്ട്. എന്നാൽ പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ തനത് ഫണ്ടിൽ നിക്ഷേപിക്കുമ്പോളും ഒന്നിലേറെ പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ/ഒന്നിലേറെ പ്രൊജക്ടുകൾക്കുള്ള വിഹിതം ഒരൊറ്റ പ്രത്യകം ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സംഗതിയിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് അഭിലഷണീയമാണ്. പ്രൊജക്ട് തലത്തിൽ വിഹിതങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനും വിനിയോഗസാക്ഷ്യപത്രം അതാത് ഫണ്ട് ദാദാക്കൾക്ക് നൽകുന്നതിനും ഇത് സഹായകരമാകും. ഇപ്രകാരം അപ്രോപ്രിയേഷൻ കണ്ട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 | | | |
|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക |
| 1. | 320100115 | Centrally sponsered scheme – total sanitation campaign | 512809 |
| 2. | 320100126 | Pykka | 42617 |
| 3. | 320200307 | Grant for specific purpose-road restoratiion charge | 52341 |
| 4. | 320200309 | Literacy scheme grant | 142923 |
| 5. | 320200322 | Suchitwa mission | 25000 |
| 6. | 320200399 | Grant for specific puropse-anganavadi facility | 27661 |
| 7. | 320300102 | Jalanidhi | 603539 |
| 8. | 320300103 | Total sanitation | 1270000 |
| 9. | 320300199 | Grant for specific purpose-jalanidhi water charge | 2687790 |
| 10. | 320400199 | Grant for specific purpose – other financial institotions – life donation | 9273 |

12.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തു നികുതി സ്വീകരിച്ച് രശീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>12.1തൻവർഷം</u>

12.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3446427 | 2586150 | 240380 | 668718 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3446427 | 2586150 | 63421 | 669740 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | (350410101- Advance | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | collection-PT on Res. bldg-ന്റെ ലെഡ്ജർ) | ബി-15ലെ തുകയെ 703227x100/ 105) എന്ന രീതിയിൽ ലൈബ്രറി സെസ് കുറവ് ചെയ്ത് ബാലൻസ് തുക |

12.1.2നോൺ റസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4353257 | 3349636 | 42335 | 981869 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4353257 | 3349636 | 96674* | 935113 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ എൈ-1) | (റസീപ്റ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ, ആർ.പി - 43) | 2017-18ലെ ബാലൻസ്ഷീറ്റ് ബി9ൽ അഡ്വാൻസ് ഉണ്ടായിരുന്നില്ല. | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15ലെ ബാലൻസ് തുകയെ 981869 x100/105 എന്ന രീതിയിൽ ഗണിത ക്രിയ ചെയ്ത് ലൈബ്രറിസെസ്സ് ഒഴിവാക്കിയ തുക |

12.2കുടിശ്ശിക

12.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 638461 | 462038 | 247408 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 755418 | 462038 | 235627 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(പ്രകാരം) 399731+393458 = | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 247408x100/105 |

| | | | |
|---|---|---|---|
| | 793189x100/105 | | |

12.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2016256 | 526639 | 1573834 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1462794 | 526639 | 1530488 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം) 474390+1061544= 1535934x100/105 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 1607012x100/105 |

<u>12.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 176272 | 35692 | 211964 | 131326 | 23408 | 154734 | 12536 | 5668 | 34509 | 13208 | 52680 |
| | നോൺ-റെസിഡൻഷ്യൽ | 222222 | 110668 | 332890 | 168461 | 26451 | 194912 | 7438 | - | 47093 | 81811 | 151423 |
| | ആകെ | | | 544854 | | | 349646 | 19974 | 5668 | | | 204103 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 296648 | | | 349646 | | | | | 183985 |
| | | 112663+183985 =296648 | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

12.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:7.1.1, 7.1.2, 7.2.1,.7.2.2, 7.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

12.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ മാള ഗ്രാമപഞ്ചായത്തിൽ 227 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ”

സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

12.6 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി - 9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101 – Advance collection of revenues – Property tax on Residential building | 8682 | 63421 |
| 2 | 350410101 – Advance collection of revenues – Property tax on Non - Residential building | 0 | 96674 |

12.7തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 160095രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായോ ലഭിച്ചതല്ല എന്നും " prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക്, കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

12.7.1 റെസിഡൻഷ്യൽ

| ക്രം.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800348 | 31/03/2019 | 63421 |

12.7.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800349 | 31/03/2019 | 96674 |

12.8 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 3539516രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 168548 രൂപ (3539516/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 183985രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

<u>മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.</u>

13. 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ

വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവ്‌നങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വരവിനങ്ങൾ ഖണ്ഡിക 12.6ൽ ചേർത്തിട്ടുണ്ട്).

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (..... കെട്ടിടങ്ങൾ) | 130100101- Rent from Building | (2747292)<br>2706144<br>44148 | 29.11.2018<br>31.03.2019 | 41800144<br>41800298 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

14. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം ആകെ മൂല്യം (31.03.2019ലെ) 19338503/-രൂപ ആണ്. എന്നാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി12ൽ 18124388രൂപ ആണ് ആകെ മൂല്യം രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

# 1-13 അനധികൃത രസീത് പിരിവ് -ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

പഞ്ചായത്ത് വക മാർക്കറ്റിലെ ഇൻസിനറേറ്റർ ഓഡിറ്റ് ടീം ഭൗതിക പരിശോധനയുടെ ഭാഗമായി സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. പ്രസ്തുത പ്ലാന്റിന്റെ നടത്തിപ്പ് സംബന്ധിച്ചുള്ള അന്വേഷണത്തിൽ പ്ലാന്റിലേക്കുള്ള മാലിന്യം ശേഖരിക്കുന്നതിന് ഒരു പിക്കപ്പ് വാൻ ഉള്ളതായും ആയതിന് ഒരു ഡ്രൈവറെ നിയമിച്ചതായും അറിയിച്ചു. ടിയാൾക്ക് വേതനം നൽകുന്നത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തു. എന്നാൽ മാലിന്യം പഞ്ചായത്തിലെ പ്രധാന സെന്ററുകളായ മാള,വലിയപറമ്പ്,അഷ്ടമിച്ചിറ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച് വണ്ടിയിൽ കയറ്റുന്നതിനും തരം തിരിക്കുന്നതിനും കണ്ണൻ എന്ന വ്യക്തി പ്രവൃത്തി എടുക്കുന്നുണ്ടെന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തിയുടെ നിയമനം, ടിവ്യക്തി കടക്കാരിൽ നിന്നും യൂസർ ഫീ ഇനത്തിൽ നടത്തുന്ന രസീതി പിരിവ്, യൂസർ ഫീ നിരക്ക് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-30/21.11.2019 നുള്ള മറുപടിയിൽ പഞ്ചായത്തിൽ നിന്നും മാലിന്യ നീക്കത്തിനായി ആർക്കും കരാർ നൽകിയിട്ടില്ല എന്നും രസീതുകൾ ഈ ആവശ്യത്തിനായി അച്ചടിച്ച് നൽകിയിട്ടില്ല എന്നും യൂസർഫീ വാങ്ങുന്നതിന് നിരക്ക് നിശ്ചയിച്ച് നൽകിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാള പഞ്ചായത്ത് ആരോഗ്യ പരിപാലന സമിതി എന്ന പേരിൽ അച്ചടിപ്പിച്ചിട്ടുള്ള പ്രസ്തുത രസീതി പിരിവ് സംബന്ധിച്ച് അന്വേഷണം നടത്തി പഞ്ചായത്ത് അനുമതി ഇല്ലാതെ രസീത് പിരിവ് നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ മാലിന്യ നീക്കത്തിനായി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-14 രസീതിപരിശോധന -അപാകതകൾ

മാള ഗ്രാമപഞ്ചായത്തിൽ നിന്നും ബസ് സ്റ്റാന്റ് എൻട്രി ഫീസ് ഈടാക്കുന്നതിനുവേണ്ടി നല്കിയ രസീതി ബുക്കുകളിൽ പഞ്ചായത്തിന്റെ സീൽ, രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തൽ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കേരളാ ട്രഷറി കോഡ് , വോള്യം 1, ആർട്ടിക്കിൾ92 (b)കുറിപ്പ് 2 പ്രകാരം സ്ഥാപനത്തിന്റെ സീൽ പതിക്കേണ്ടതും അക്കൗണ്ട് റൂൾ ചട്ടം 83 അനുസരിച്ച് സ്ഥാപനമേധാവി രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

# 1-15 ഡി.ആന്റ്.ഒ ലൈസൻസ് അപാകതകൾ

. 1. 2018-19 സാമ്പത്തികവർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ 20 വാർഡുകളിലായി പ്രവർത്തിക്കുന്ന 906 സ്ഥാപനങ്ങൾക്ക് 2018-19ൽ ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യം – 3109 , വ്യാവസായികം – 497, ആശുപത്രി – 45 എന്നീ ഇനങ്ങളിലായി ആകെ 3651 കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2017-18 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1197 സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തതായി കാണുന്നു. ഡി.ആന്റ്.ഒ ലൈസൻസിന്റെ എണ്ണത്തിലുണ്ടായ വ്യത്യാസം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഡി.ആന്റ്.ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-16 പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - അപാകതകൾ

1. അംഗീകൃത ബൈലോ ഇല്ല

ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട് എങ്കിലും വാടക സംബന്ധിച്ച ഒരു അംഗീകൃത ബൈലോ ഗ്രാമപഞ്ചായത്തിലില്ല. വർഷംതോറും നിലവിലുള്ള വാടകയുടെ 5% വർദ്ധിപ്പിച്ച് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിവരികയാണ് ചെയ്യുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് 254, 1995ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ബൈലോ തയ്യാറാക്കാവുന്നതാണ്. അംഗീകൃത ബൈലോ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടത്തിന്റെ ഡി.ആന്റ്.ഒ ലൈസൻസ് ഉറപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ ഡി.ആന്റ്.ഒ ലൈസൻസ് വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 7/15.11.19) ആകെ 23കെട്ടിടങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടുള്ളൂ എന്ന മറുപടിയാണ് ലഭിച്ചത്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ |
|---|---|
| 1 | 15/634 |
| 2 | 15/641 |
| 3 | 15/652 |
| 4 | 15/180 |
| 5 | 15/181 |
| 6 | 15/159 |
| 7 | 15/161 |
| 8 | 15/156 |
| 9 | 15/176 |
| 10 | 15/171 |
| 11 | 15/170 |
| 12 | 15/172 |
| 13 | 15/175 |
| 14 | 15/173 |
| 15 | 15/162 |
| 16 | 12/418 |
| 17 | 14/3 |
| 18 | 15/178A1 |
| 19 | 15/178A2 |
| 20 | 15/178A4 |
| 21 | 15/178A5 |

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തന ലൈസൻസ് ഉറപ്പാക്കിയില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവമായി വീക്ഷിക്കുന്നതാണ്.

3. വാടകയ്ക്ക് നൽകിയ കടമുറികൾ മറിച്ച് വാടകയ്ക്ക് നൽകുന്നു

ഗ്രാമപഞ്ചായത്ത് 15/633 നമ്പർ കെട്ടിടം വാടകയ്ക്ക് എടുത്ത് പ്രതിമാസം 6988 രൂപയ്ക്ക് കരാർ ഉടമ്പടി ചമച്ചിരിക്കുന്നത് സി.വി ജോസ്, ചെല്ലക്കുടം, മാള എന്ന വ്യക്തിയാണ്. എന്നാൽ ഈ സ്ഥാപനത്തിലെ പ്രവർത്തന ലൈസൻസ് അരുൺ പി.എസ് എന്നയാളുടെ പേരിലാണ്.

വാടകയ്ക്ക് നൽകുന്ന ആളിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ കെട്ടിടമോ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗമോ മറ്റു വാടകയ്ക്ക് നൽകാൻ പാടില്ലായെന്നത് കരാർ ഉടമ്പടിയിൽ വ്യക്തമാക്കുന്നുണ്ട്. കരാർ ഉടമ്പടിക്ക് വിരുദ്ധമായ ഇത്തരം പ്രവർത്തനങ്ങൾ പരിശോധിക്കപ്പെടേണ്ടതും ആയത് ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതുമാണ്.

# 1-17 മാർക്കറ്റിലെ കടമുറികൾ ലേലം ചെയ്യാത്തത് 24 എണ്ണം.കട മുറികൾ ശോചനീയാവസ്ഥയിൽ

പഞ്ചായത്ത് വക മാർക്കറ്റിലെ 2018-19 ൽ ലേലത്തിന് വച്ച 51 കടമുറികളിൽ 24 എണ്ണം ലേലത്തിന് പോയിട്ടില്ല. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ മാർക്കറ്റിലെ പച്ചക്കറി സ്റ്റാളുകൾ ശോചനീയാവസ്ഥയിലാണെന്ന് കണ്ടു.അവയുടെ പുനരുദ്ധാരണ പ്രവൃത്തി നടത്തേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.ഇറച്ചി വിൽപ്പനക്കായി നൽകിയിരിക്കുന്ന സ്റ്റാളുകളിൽ ദുർഗന്ധം അസഹനീയമാണ്. മാർക്കററിലെ ബയോഗ്യാസ് പ്ളാന്റ് നിലവിൽ പ്രവർത്തന ക്ഷമമല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും )ചട്ടങ്ങളിലെ ചട്ടം 38 പര്കാരം " ഒരു പഞ്ചായത്ത് പര്ദേശത്തിനുള്ളിൽ ഉള്ള ഇറച്ചിക്കടകൾക്ക് പഞ്ചായത്ത് അംഗീകാരം വേണ്ടതും ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും ധാരാളം വായു സഞ്ചാരം ആയിരിക്കേണ്ടതും വഴി യാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതുമാണ്.കടയുടെ ലൈസൻസി തന്റെ പേര്,കടയുടെ നമ്പർ ,വില നിരക്കുകൾ എന്നിവ വ്യക്തമാക്കി കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്ക വിധം കടയുടെ മുന്നിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

മേൽ പ്രകാരം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള യാതൊരു നിബന്ധനകളും പാലിക്കാതെ പഞ്ചായത്തിന്റെ കെട്ടിടത്തിൽ ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾപ്രവർത്തിക്കുന്നത് (ഖ.1-17)അംഗീകരിക്കാവുന്നതല്ല.ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 ലേല നടപടികൾ സംബന്ധിച്ച കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ ലേല നടപടികൾ സംബന്ധിച്ച താഴെ കൊടുത്തിരിക്കുന്ന കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്ന് കണ്ടു.

1.)29.3.2019 ലെ തീരുമാനം 1-വലിയപറമ്പ് ഹരിജൻ കോളനി സംരക്ഷണം പൊളിച്ചുമാററിയ ഷീറ്റ് ലേലം ചെയ്യുവാൻ തീരുമാനിച്ചു-ലേല നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് മറുപടി നൽകി.

2.)23.2.2019-അജണ്ട6-മാള മാർക്കറ്റ് അറ്റകുറ്റപ്പണിയുടെ ഭാഗമായി Dismantle ചെയ്ത ജിഐ പൈപ്പ് ഷീറ്റ് എന്നിവ ലേലം ചെയ്യുവാൻ തീരുമാനിച്ചു.-ലേല നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് മറുപടി നൽകി.

3.)14.1.2019 ലെ തീരുമാനം 5-പഞ്ചായത്ത് പരിസരത്ത് മുറിച്ചിട്ടിരിക്കുന്ന പ്ലാവിന്റെ തടി ലേലം ചെയ്യുന്നതിന് വാല്യുവേഷൻ എടുത്തു തരുന്നതിന് സോഷ്യൽ ഫോറസ്ട്രിയോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.-വാല്യുവേഷൻ ലഭിക്കാത്തതിനാൽ ലേലം ചെയ്തിട്ടില്ല എന്ന് മറുപടി നൽകി.

4.)23.11.2018 ലെ തീരുമാനം3-ചക്കാംപറമ്പ് ഹെൽത്ത്സെന്റർ കെട്ടിടം പൊളിച്ച ലേലം ചെയ്യുവാൻ വാല്യുവേഷൻ തയ്യാറാക്കുവാൻ അസി എൻജിനീയറെ ചുമതലപ്പെടുത്തി.-വാല്യുവേഷൻ ലഭിക്കാത്തതിനാൽ ലേല നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല എന്ന് മറുപടി നൽകി.

5.)23.11.2018 ലെ തീരുമാനം 4-കാട്ടിക്കര കുന്ന് കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് നിർമ്മാണത്തിന് കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുന്നതിന് വാല്യുവേഷൻ എടുക്കുവാൻ അസി എൻജിവനീയറെ ചുമതലപ്പെടുത്തി.- വാല്യുവേഷൻ ലഭിക്കാത്തതിനാൽ ലേല നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല എന്ന് മറുപടി നൽകി.

6.)23.11.2018 ലെ തീരുമാനം 5-മാള ടൈൽസ് റോഡിൽ ബ്ളോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന അഴുക്ക് ചാൽ നിർമ്മാണത്തിനായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുന്നതിന് വാല്യുവേഷൻ എടുക്കുവാൻ അസി എൻജിനീയറെ ചുമതലപ്പെടുത്തി.- വാല്യുവേഷൻ ലഭിക്കാത്തതിനാൽ ലേല നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല എന്ന് മറുപടി നൽകി.

പോത്തുണ്ടി കുളം ,വള്ളത്തുകുളം എന്നിവിടങ്ങളിൽ നിന്ന് നീക്കം ചെയ്ത 506 എം$^3$ മണ്ണ് അസിസ്റ്റന്റ് എൻജിനീയർ വാല്യുവേഷൻ നൽകി ലേലം 2 തവണ നടത്തിയെങ്കിലും ആരും ലേലത്തിനെടുക്കുവാൻ തയ്യാറായില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിക്കുന്നതിലെ അവധാനത മൂലം പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം നഷ്ടപ്പെടുത്തുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.മേൽ വിഷയങ്ങളിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 നിർമ്മാണ പ്രവർത്തനങ്ങളിൽ ബാക്കി വന്ന മെറ്റീരിയൽസിന്റെ ലേലം നടത്തിയില്ല.

താഴെ ചേർക്കുന്ന രണ്ട് പ്രവൃത്തികളിൽ പൊളിച്ചു കളഞ്ഞ സാധനസാമഗ്രികൾ എം ബുക്ക് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ മെഷർ ചെയ്തിട്ടുള്ളതും ലേലം ചെയ്തു വിൽക്കുന്നതിനായി പഞ്ചായത്തിന് കത്തുനൽകിയിട്ടുള്ളതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ ലേലം ഇതു വരെ ചെയ്തിട്ടില്ല എന്നും ലേലനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ താമസം വിനാ കൈക്കൊള്ളേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | എം ബുക്ക് നമ്പർ | ഇനവിവരം |
|---|---|---|---|
| 1 | വലിയ പറമ്പ് ഹരിജൻ കോളനി ശ്മശാനം.(95/19) | 14/18-19 | Truss-108.16 kg<br>sheet-44.64 m2 |
| 2 | മാള മാർക്കറ്റ് മെയിന്റനൻസ് | 1/18-19 | GI pipe<br>GI sheet |

# 1-20 തൊഴിൽനികുതി -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 15,331 രൂപ അടവാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (ഓഡിറ്റ് അന്വേഷണം നമ്പർ 22/20.11.19) തുടർന്ന് മാള ഹോളിഗ്രേസ് അക്കാഡമി, സെന്റ് ആന്റണീസ് കോളേജ് മാള എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും പിഴ സഹിതം 15,331 രൂപ ഈടാക്കി രസീത് ഹാജരാക്കുകയും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന മറ്റ് സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്.

സ്ഥാപനങ്ങളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം. | പേര് വിവരം | വരുമാനം രേഖപ്പെടുത്തിയിരിക്കുന്നത് | അർദ്ധ വർഷം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | ജെറിൻ | 1,32,000 | 1 | 1000 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | ജോർജ് .കെ<br>MET School of Engineering | | | | | |
| 2 | ബാലൻ .സി<br>Minor irrigation section , Mala | 76,590 | 1 | 600 | 750 | 150 |

നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-21 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് യുഎ നമ്പർ നൽകിയിട്ടില്ല.

പഞ്ചായത്തിന്റെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിക്കുകയും കൃത്യമായി പരിപാലിക്കുന്നില്ല എന്ന് ബോധ്യപ്പെടുകയും ചെയ്തു.സഞ്ചയയിൽ അനധികൃത നിർമ്മാണം സംബന്ധിച്ച യാതൊരു കെട്ടിടങ്ങളും നിലവിലില്ല എന്ന് അറിയിച്ചു.എന്നാൽ ബിൽഡിങ്ങ് പെർമ്മിറ്റ്ഫയൽ പരിശോധനയിൽ താഴെ പറയുന്ന കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിച്ചതാണെന്നും എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ ക്രമവൽക്കരിച്ചിട്ടില്ല എന്നും ബോധ്യപ്പെട്ടു ഇവക്ക് യുഎ നമ്പർ നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി യുഎ നമ്പർ നൽകിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

1.ഫയൽ നമ്പർ-എഫ്-9048/18

വാർഡ് 13 ൽ ഗോപി ഏരിമ്മൽ കുരുവിലശ്ശേരി എന്ന വ്യക്തി 398.08 എം2 പോൾട്രി ഫാം കെട്ടിടത്തിന് പെർമ്മിറ്റിനായി അപേക്ഷക്കുകയും അസി എൻജിനീയർ നടത്തിയ സ്ഥല പരിശോധനയിൽടിയാന്റെ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചതായി റിപ്പോർട്ട് നൽകുകയും ചെയ്തു .കെട്ടിടത്തിന്റെ ഉയരം ,സെറ്റ് ബാക്ക് ,സർവ്വെ നമ്പർ എന്നിവയിലുള്ള അപാകങ്ങൾ ചൂണ്ടിക്കാട്ടി ടിയാന് കത്ത് നൽകിയെങ്കിലും ക്രമവൽക്കരണം നടത്തേണ്ടത് സംബന്ധിച്ച് കത്തിൽ സൂചിപ്പിക്കുകയോ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 എഎ വകുപ്പ് പ്രകാരം യുഎ നമ്പർ നൽകുകയോ ചെയ്തിട്ടില്ല.

2.ഫയൽ നമ്പർ-എഫ്-1507/19

ജീജീ കുമാർ,മാനേജിങ്ങ് ഡയറക്ടർ

10/ഫോർച്യൂൺ ഗേറ്റ്മാൻ പ്രൈവ.ലി.

എരവത്തൂർ

ടിയാൻ ജി 1 കാറ്റഗറിയിൽ പെടുന്ന cattle shed നിർമ്മാണവും (398.94എം2)അതിനോടനുബന്ധമായി rest house നിർമ്മാണവും (70.14എം2)നടത്തുന്നതിന് പെർമ്മിറ്റിനായി അപേക്ഷിക്കുകയും അസി എൻജിനീയർ നടത്തിയ പരിശോധനയിൽ ടിയാൻ പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചതായി കാണുകയും താഴെ പറയുന്ന അപാകങ്ങൾ കൂടി ശ്രദ്ധയിൽ പെട്ടത് പരിഹരിക്കുന്നതിനായി 15.5.19 ൽ ടിയാൾക്ക് കത്ത് നൽകുകയും ചെയ്തു.

എ)പൊസഷൻ സർട്ടിഫിക്കറ്റിൽ സ്ഥലത്തിന്റെ തരം നിലം ആണ്.

ബി)ഫയർ എൻ ഒസി ഹാജരാക്കണം

സി)ബയോഗ്യാസ് പ്ളാന്റ്,വേസ്റ്റ് ട്രീറ്റ് മെന്റ് പ്ളാന്റ്, വേസ്റ്റ് വാട്ടർ ട്രീറ്റ് മെന്റ് പ്ളാന്റ്, എന്നിവ ഇല്ല

വടമ വില്ലേജിൽ നിന്ന് 18.1.19 ൽ അനുവദിച്ച പൊസഷൻ സർട്ടിഫിക്കറ്റിൽ 364/1എന്ന പ്ളാനിൽ സൂചിപ്പിച്ച സർവ്വെ നിലമായിരുന്നു.പിന്നീട് അപാകം ചൂണ്ടിക്കാട്ടി കത്തെഴുതിയപ്പോൾ ടിയാൻ 23.2.19 ലഭിച്ച Dry എന്ന് രേഖപ്പെടുത്തിയ മറ്റൊരു പൊസഷൻ സർട്ടിഫിക്കറ്റ്ഹാജരാക്കുകയും ചെയ്തു .കൂടാതെ മറ്റ് അപാകങ്ങൾ പരിഹരിച്ചതായി അറിയിക്കുകയും ചെയ്തു.1.8.19 ൽ സെക്രട്ടറി പൊസഷൻ സർട്ടിഫിക്കറ്റിലെ വൈരുദ്ധ്യം സംബന്ധിച്ച് കൃത്യത വരുത്തുന്നതിനായി വടമ വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയതിന് നാളിതുവരെ മറുപടി നൽകിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി ടിയാന്റെ ഈ അനധികൃത കെട്ടിടത്തിനും കേ.പ.രാ ആക്ട് സെക്ഷൻ 235 എഎ പ്രകാരം യുഎ നമ്പർ നൽകിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

വിവരാവകാശം ഫയൽ പരിശോധനയിൽ (ഇ-3403/12.4.18) ശ്രീ പോൾ അപ്രേം ,പുന്നേലിപറമ്പിലിന്റെ ടോട്ടൽ ബിൽഡ്വെയർ എന്ന കെട്ടിടം വാർഡ് 8 ൽ സ്റ്റോക്ക് യാർഡ് ആയി പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം നടത്തിയതാണെന്നും മറുപടി നൽകിയതായി കണ്ടു.ടി കെട്ടിടത്തിന് കെട്ടിട നമ്പർ നല്കിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി “നൽകിയിട്ടില്ല “എന്ന്മറുപടി നൽകിയിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 വകുപ്പ് പ്രകാരം എടുക്കേണ്ടതായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിലേക്കും ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 പരിശോധന റിപ്പോർട്ടിന്റെ അഭാവത്തിൽ നിലം കാറ്റഗറിയിൽ ഉൾപ്പെട്ട കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി.

ഫയൽ നമ്പർ-എഫ്-7955/18

സി.ഷീന ചാക്കുണ്ണി,സി. ഷെമി ജോസഫ് ,നിർമ്മൽ മരിയ കോൺവെന്റ് ,കുരുവിലശ്ശേരി എന്നിവർ സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിൽ 1197.22എം2 കെട്ടിട നിർമ്മാണത്തിന് 16.10.2018 ൽ അപേക്ഷിക്കുകയും 17.6.2019 ന് അനുമതി നൽകുകയും ചെയ്തു.പ്ളാനിലും പൊസഷൻ സർട്ടിഫിക്കറ്റിലും നൽകിയിരുന്ന സർവ്വെ നമ്പറുകളിൽ 448/4,445,448/3,451എന്നീ സർവ്വെ നമ്പറുകൾ 'നിലം' ആയാണ് രേഖപ്പെടുത്തിയിരുന്നത്.ആയതിനാൽ വില്ലേജ് സ്കെച്ച് ഹാജരാക്കുവാൻ സെക്രട്ടറി കത്ത് നൽകുകയും വില്ലേജ് സ്കെച്ച് ഹാജരാക്കിയതിനെ തുടർന്ന് ബിൽഡിങ്ങ് പെർമ്മിറ്റ് അനുവദിക്കുകയും ചെയ്തു.എന്നാൽ ഹാജരാക്കിയ സ്കെച്ച് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് കെട്ടിടം ഉൾപ്പെടുന്ന സർവ്വെകളിൽ നിലം ഉൾപ്പെടുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വ്യക്തമായ അതിരുകൾ രേഖപ്പെടുത്താത്ത സ്കെച്ച് ആണ് ഫയലിൽ ഉള്ളത് .ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.29/ ) മറുപടിയായി സെക്രട്ടറിക്ക് ബോധ്യപ്പെട്ടതിനാലാണ് പെർമ്മിറ്റ് നൽകിയതെന്ന് അറിയിച്ചു.എന്നാൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലും ഫയലിൽ ഇല്ല. ആയതിനാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-23 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് 31,808/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് അർഹതപ്പെട്ട തുകയായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈ ഇനത്തിൽ ഈടാക്കിയ 1,52,380/-രൂപ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് അടവാക്കിയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 6/15.11.19) .എന്നാൽ ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച താഴെ കൊടുത്തിരിക്കുന്ന തുകകൾ ചെലവഴിക്കാതെ

അവശേഷിക്കുന്നു.(ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4).വിശദാംശം താഴെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | തുക | റിമാർക്സ് |
|---|---|---|
| 320100115 | 512809 | പെർഫോമൻസ് ഗ്രാന്റ് |
| 320200322 | 25000 | ശുചിത്വ മിഷൻ ഫണ്ട് |
| 320200399 | 27661 | പ്ലാൻഫണ്ട് |
| 320300103 | 1270000 | ശുചിത്വ മിഷൻ ഫണ്ട് |
| 320700105 | 25376 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 320700204 | 699555 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 320700205 | 622948 | ജില്ലാ പഞ്ചായത്ത് വിഹിതം |

മേൽ തുകകൾ വിനിയോഗിക്കാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

# 1-26 ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ട്രെയിനിങ്ങിനായി ചെലവഴിച്ച തുക തിരികെ ലഭ്യമായിട്ടില്ല.

വൗച്ചർ നമ്പർ-21800547/28.8.2018

ചെക്ക് നമ്പർ-10886/28.8.2018-16100/-രൂ

ISO Total Quality Management Training എന്ന പേരിൽ കില സംഘടിപ്പിച്ച പ്രോഗ്രാം മാള പഞ്ചായത്ത് ഹാളിൽ വച്ച് നടത്തിയതിന്ഭക്ഷണംനൽകിയ വകയിൽ പഞ്ചായത്ത് കൃഷ്ണ കാറ്ററിങ്ങ് സർവ്വീസ് എന്ന സ്ഥാപനത്തിന് 16100/-രൂ നൽകിയിട്ടുണ്ട്.പ്രസ്തുത തുക കിലയിൽ നിന്ന് തിരികെ ലഭിക്കേണ്ടതാണെന്ന് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ നാളിതുവരെ പ്രസ്തുത തുക തിരികെ ലഭിച്ചിട്ടില്ല.(എൻക്വയറി നമ്പർ-16 )തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-27 ആസ്തി രജിസ്റ്റർ സംബന്ധിച്ച കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി എടുത്ത തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി (17/19.11.2019) നൽകിയതിൽ പല തീരുമാനങ്ങളിന്മേലും സമയ ബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.വിശദാംശം താഴെ ചേർക്കുന്നു.

1.)6.6.18ലെ അജണ്ട23-കോൾക്കുന്നിലെ 141ാം നമ്പർ അങ്കണവാടി ആസ്തി രജിസ്റ്ററിൽ ചേർക്കുവാൻ തീരുമാനിച്ചു.-ഈ വിഷയത്തിന് നൽകിയ മറുപടി ആസ്തി രജിസ്റ്റർ പരിശോധിച്ച് അറിയിക്കാം എന്നാണ്.

2.)12.9.2018 ലെ അജണ്ട-21-ആസ്തി രജിസ്റ്റർ പൂർണ്ണമായും കുറ്റമറ്റതാക്കി ഡിജിറ്റൈസേഷൻ നടത്തി സചിത്ര അപ്ളിക്കേഷനിൽ രേഖപ്പെടുത്തി കാലികമാക്കി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ പ്രത്യേക കമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.-മറുപടി ലഭ്യമാക്കിയില്ല.

3.)23.11.2018 അജണ്ട-21-മാള ഗ്രാമ പഞ്ചായത്ത് വാർഡ് 20ൽ പഞ്ചായത്തിന് വിട്ടു നൽകിയ കുന്നത്ത് വളപ്പ് എന്ന വഴിആസ്തി രജിസ്റ്ററിൽ ചേർക്കുവാൻ തീരുമാനിച്ചു.-ആസ്തി രജിസ്റ്റർ പരിശോധിച്ച് അറിയിക്കാം എന്ന് മറുപടി നൽകി.

6.6.2018 ലെ അജണ്ട-12-കുന്നത്തുകാട് കോളനിയിലെ വിജ്ഞാൻവാടി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്ന എൻക്വയറിക്ക് മറുപടിയായി ആസ്തി രജിസ്റ്റർ പരിശോധിച്ച് അറിയിക്കാം എന്നറിയിച്ചു.

ആസ്തി രജിസ്റ്റർ പൂർണ്ണവും കാലികവും ആക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-28 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ബാക്കി കിട്ടാനുള്ള 1089/ രൂപാ വരും ബില്ലുകളിൽ

# ക്രമീകരിക്കേണ്ടതാണ്.

വൗച്ചർ നം.21701286/തി. 20-2-2018 പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ 72268/- രൂപയിൽ ഇനിയും ബാക്കി നിൽക്കുന്ന 1089/ രൂപാ വരും ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്.

# 1-29 സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികൾ വിനിയോഗസാക്ഷ്യ പത്രം ഇല്ല- തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പദ്ധതി നം | പേര് | കൈമാറിയ സ്ഥാപനം | കൈമാറിയ തുക | ബിൽ നം/ തിയതി |
|---|---|---|---|---|
| 70/19 | സുശാന്തം- വയോജനക്ഷേമകേന്ദ്രം പ്രവർത്തന വിഹിതം | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 50000 | 12/18-19,27-9-18 |
| 68/19 | വിജ്ഞാൻ സാഗർ- അനുബന്ധ പ്രവർത്തനങ്ങൾ | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 100000 | 13/18-19,27-9-18 |

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 1-30 എം ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയതായി ഭൗതിക പരിശോധനയിൽ കണ്ടില്ല- പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമല്ല.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ഭൌതികപരിശോധനയിൽ എം ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയതായി കണ്ടില്ല.

എ)പദ്ധതി നം-142/19- പുതിയ ഫ്രണ്ട് ഓഫീസ് വൈദ്യുതീകരണം (തനത് ഫണ്ട്)

കോൺട്രാക്ടർ- ഗിരിജകുമാർ, ഗ്രേയ്സ് ഇലക്ട്രിക്കൽസ്, കുഴൂർ

എം ബുക്ക് നം-6/2017-18

ബിൽ/ വൌച്ചർ നം-21800476,തിയതി31-7-2018, തുക-96867

ഐറ്റം നം-8 -wall mounting fans -2 nos 1894/per unit, ആകെ3788/രൂപാ

ഐറ്റം നം-10- ceiling fans -4 nos 2182/ per unit,ആകെ 8728/ രൂപാ

എന്നാൽ ഭൗതിക പരിശോധനയിൽ 5 വോൾ ഫാൻ ഒരു സീലിംഗ് ഫാൻ എന്നിങ്ങനെ സ്ഥാപിച്ചതായാണ് കണ്ടത്. ആയതിനാൽ അധികം നൽകിയ തുക

5 വോൾ ഫാൻ 1894/ രൂപാ നിരക്കിൽ - 9470

1 സീലിംഗ് ഫാൻ 2182/ രൂപാ നിരക്കിൽ-2182

- --------------

- 11652

എം ബുക്ക് പ്രകാരം നൽകിയത് - 12516

- ------------

അധികം നൽകിയത് - 864

-                                                    -------------

ബി) പദ്ധതി നം-143/19

വനിതാ വ്യവസായ പ്ളോട്ട് വൈദ്യുതീകരണം

എം ബുക്ക് നം-1/2017-18/sec

ഐറ്റം നം-48

1 എച്ച് പി കിർലോസ്കർ പമ്പ് സെറ്റ് , 13457/ രൂപാ

എന്നാൽ സ്ഥലപരിശോധനയിൽ മോട്ടോർ കണ്ടില്ല.

ആയതിനാൽ അധികം നൽകിയത്-13457

ഈ രണ്ട് ഫയലുകളുടെയും പരിശോധനയിൽ, പ്രസിഡന്റ്, അസി. സെക്രട്ടറി, വാർഡ് മെമ്പർമാർ എന്നിവരടങ്ങിയവർ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ,മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് കൃത്യമല്ല എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആയതിനാൽ മേൽ പ്രവൃത്തികളിൽ അധികം നൽകിയ 864+13457=14321/ രൂപാ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-31 മാള ഗ്രാമ പഞ്ചായത്തിലെ 2018-19 ലെ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.ബിൽ നമ്പർ. 72/18-19 തിയ്യതി. 25/03/2019 പ്രകാരം 44240 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 30240 രൂപ പാലിയേറ്റീവ് രോഗികളുടെ കുടുംബസംഗമത്തിന് പുതപ്പ്, തലയിണ ഉറ എന്നിവ നൽകാനായിട്ടാണ് ചിലവിട്ടിരിക്കുന്നത്. ഇത് 2018-19 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/2018/ തസ്വഭവ തിയ്യതി. 14.2.2018 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവുചെയ്യതിനാൽ 44240 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.വാഹനം വാടകക്കെടുക്കാൻ ക്വട്ടേഷൻ വിളിച്ചതിലെ തിയ്യതിയിലെ പ്രകടമായ വൈരുദ്ധ്യം.

01/04/2018 മുതൽ ആറു മാസക്കാലത്തേക്ക് പാലിയേറ്റീവ് ആവശ്യങ്ങൾക്കായി വാഹനം വാടകക്കെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം നമ്പർ 110/A dt. 24.04.2018 തിയ്യതിയിലാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. എന്നാൽ ക്വട്ടേഷൻ തുറന്നതാകട്ടെ 2/04/2018 ന് 3.15 നും വർക്ക് ഓർഡർ നൽകിയത് 01/04/2018 നുമാണ്. ഈ വൈരുദ്ധ്യത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. 01/10/2018 മുതൽ വാഹനം വാടകക്കെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ നോട്ടീസ് 495A/2018 dt. 15/09/2018 ആണ്. എന്നാൽ ഇതു പ്രകാരം സമർപ്പിച്ച ക്വട്ടേഷനുകളുടെ ഒറിജിനൽ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. മേൽക്കാണിച്ച രണ്ട് ക്വട്ടേഷനുകളും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി രേഖയില്ല.

5. ബിൽ നമ്പർ 61/18-19 തിയ്യതി. 16/03/2019 പ്രകാരം 129973 രൂപയുടെ ചിലവുണ്ട്. ഇതിൽ 35000 രൂപ കെയേൻ കെ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് രജിസ്റ്ററുകൾ, അച്ചടി എന്നിവക്ക് നൽകിയതാണ്. ഇവരിൽ നിന്നും 1% ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല.

6. 35000 രൂപയുടെ ഫോമുകൾ, രജിസ്റ്ററുകൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

7.ബിൽ നമ്പർ. 63/18-19 dt. 16/03/2019 പ്രകാരം 175000 രൂപ തിരുവനന്തപുരംകെ.എം.സി.എൽ ന് മരുന്ന് വാങ്ങാൻ നൽകിയിട്ടുണ്ട്. ഇതിന്റെ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽകാണിച്ച വിവരങ്ങൾ ചൂണ്ടികാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

8.സർക്കാർ ഉത്തരവ് (സ.ധ) നം.3217/2015 തസ്വഭവ തി. 29.10.2015 പ്രകാരം പാലിയേറ്റീവ് പ്രോജക്ടിന് വിശദമായ മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗ രേഖയിൽ അനിവാര്യമെന്ന് പ്രസ്താവിച്ചിട്ടുള്ള നടപടികളും സ്ഥാപനം കൈക്കൊള്ളുന്നതായി കാണുന്നില്ല.

മഏറ്റവും പുതുക്കിയ പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. എന്നാൽ മാള ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി വർഷത്തിൽ ഒരു

തവണയെ യോഗം ചേരുന്നുള്ളൂ.

b. പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി മിനുട്സ്.

മോണിറ്ററിംഗിനും പാലിയേറ്റീവ് പ്രോജക്ടിന്റെ കൃത്യമായ നടത്തിപ്പിനും പാലിയേറ്റീവ് ഇംപ്ളിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കണമെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ അത്തരമൊരു കമ്മിറ്റി നാളിതു വരെ രൂപീകരിച്ചിട്ടില്ല.

c. സബ്സ്റ്റോക്ക് രജിസ്റ്റർ (പാലിയേറ്റീവ് നഴ്സ് സൂക്ഷിക്കേണ്ടത്)

ഉപകരണങ്ങളുടെ ഒരു സബ്സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് അന്വേഷണം നൽകിയിട്ടും ഇത്തരമൊരു രജിസ്റ്റർ ഹാജരാക്കിയില്ല.

10. പാലിയേറ്റീവ് പ്രോജക്ടുമായി ബന്ധപ്പെട്ട ഒരു വാങ്ങലുകളും പഞ്ചായത്ത് പ്രോക്യൂവർമെന്റ് കമ്മിറ്റി മുഖേന അല്ല നടന്നിട്ടുള്ളത്. ജി.ഒ.പി നമ്പർ. 259/2010 തിയ്യതി. 08/11/2010 പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള ഏത് വാങ്ങലും പ്രൊക്യൂവർമെന്റ് കമ്മിറ്റി മുഖേന മാത്രമേ നടത്താനാകൂ എന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന രീതിയാണ് കാണുന്നത്.

11. പാലിയേറ്റീവ് മാർഗ്ഗ രേഖ പ്രകാരം ഒരു ദിവസം 8 ഹോംകെയർ എങ്കിലും നടത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഒട്ടു മിക്ക ഹോംകെയറുകളും ദിവസത്തിൽ നാലോ അഞ്ചോ എന്ന നിലയിൽ മാത്രമാണ് നടന്നിട്ടുള്ളത്.

മേൽ കാണിച്ച അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-32 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ-വിഇഒ അഷ്ടമിച്ചിറ

പദ്ധതി നമ്പർ-15/19

താഴെ പറയുന്ന ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾ ഏതാനും ഗഡു കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദാംശം താഴെ ചേർക്കുന്നു.

1.ശോഭന ശശി,കൊങ്ങന്തറ തൻകുളം- 200000/രൂ

2.സ്മിത ജയചന്ദ്രൻ,മേപ്പിള്ളി ,അഷ്ടമിച്ചിറ-40000/-

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-33 എസ് എസ് എ വിഹിതം -അധിക തുക നൽകിയത് ക്രമീകരിക്കേണ്ടതാണ്.

പദ്ധതി നമ്പർ-58/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ് മോഡൽ എൽപിഎസ് മാള

ബിൽ നമ്പർ-2/30.6.2018-850000/-

„ 3/23.1.2019 - 351380/-

2018-19 വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്കായി നടത്തേണ്ട പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് എസ്എസ്എ നൽകിയതിൽ 30,71,900/-രൂ ആണ് രേഖപ്പെടുത്തിയിരുന്നത്.ആയതിന്റെ 40ശതമാനമായ 12,28760/-രൂ പഞ്ചായത്തിനോട് ഡിമാന്റ് ചെയ്യുകയും പഞ്ചായത്ത് 1201380/-രൂ നൽകുകയും ചെയ്തു.എസ് എസ് എ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ഹാജരാക്കിയ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 2057390/-രൂ ആണ് ആകെ ചെലവ് .ആയതിന്റെ 40ശതമാനം ആയ 822956/-രൂ മാത്രമേ പഞ്ചായത്ത് നൽകേണ്ടതായിട്ടുള്ളൂ.അധികം നൽകിയ തുക 378424/-രൂ തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 1-34 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങി നൽകൽ-ഒരെണ്ണം വിതരണം നടത്തിയിട്ടില്ല.

പദ്ധതി നമ്പർ-190/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ് മോഡൽ എൽപിഎസ് മാള

ബിൽ നമ്പർ-5/26.3.2019-71685/-രൂ

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങി നൽകൽ പദ്ധതി പ്രകാരം 90 കസേര മേശ എന്നിവ (മേശയുടെ വില 2019-20ലാണ് നൽകിയിരിക്കുന്നത്.) കീർത്തി മാർക്കറ്റിങ്ങ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിൽ (ഇൻവോയ്സ് നമ്പർ-472/21.3.2019) 89 എണ്ണം മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ.വിതരണം ചെയ്യാത്ത ഒരു കസേരയും മേശയും അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി വിതരണം നടത്തേണ്ടതാണ്.

## 1-35 നീന്തൽ പരിശീലനം -സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം നടപ്പിലാക്കിയില്ല.

പദ്ധതി നമ്പർ-61/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ് മോഡൽ എൽപിഎസ്, മാള

ബിൽ നമ്പർ-4/23.3.2019-50000/-രൂ

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം നീന്തൽ പരിശീലനം നടത്തുമ്പോൾ പരിശീകന്റെ വേതനം ,റിഫ്രഷ്മെന്റ് ,സ്വിമ്മിങ്ങ് സ്യൂട്ട് എന്നിവയുടെ ചെലവ് മാത്രമേ നൽകാവൂ.നീന്തൽ കുളം പഞ്ചായത്തിന്റെ കുളം വികസിപ്പിച്ചെടുത്തതാവണം എന്നും നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ നടത്തിയ നീന്തൽ പരിശീലനം ഹോളി ഗ്രേസ് അക്കാദമിയുടെ നീന്തൽകുളത്തിലാണ് നടത്തിയിരിക്കുന്നത്.ട്രെയിനിങ്ങ് ,ട്രാവലിങ്ങ് ,റിഫ്രഷ്മെന്റ് ,സ്വിമ്മിങ്ങ് സ്യൂട്ട് എന്നിവയുടെ വിലയായി 50000/-രൂ അക്കാദമിയുടെ പേരിൽ നൽകിയിട്ടുണ്ട്.പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖക്കനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-36 പത്താംതരം തുല്യതക്ക് പരീക്ഷ ഫീസ് അടവാക്കൽ-തുല്യത ക്ളാസിൽ ഹാജരാകാത്ത വ്യക്തികളുടെ ഫീസും അടവാക്കി

പദ്ധതി നമ്പർ- /19

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ് മോഡൽ എൽപിഎസ് മാള

ചെക്ക് നമ്പർ-2342798/28.3.2019-20350/-രൂ.

പത്താംതരം തുല്യത പരീക്ഷക്ക് 11 പഠിതാക്കളുടെ പരീക്ഷ ഫീസ് സാക്ഷരതാ മിഷന് നൽകുന്നതിനായി 20350 രൂ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ചു.പ്രസ്തുത ഗുണഭോക്താക്കളുടെ ഹാജർ പരിശോധിച്ചതിൽ തുല്യത ക്ളാസിൽ ഹാജരാക്കാത്ത രണ്ട് പഠിതാക്കളുടേതുൾപ്പെടെയാണ് ഫീസ് അടവാക്കിയിട്ടുള്ളത്.മറ്റ് പഠിതാക്കളുടേയും പരീക്ഷ എഴുതിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വക്കുന്നു.

## 1-37 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

അങ്കണ വാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച ഐസി ഡിഎസ് സൂപ്പർവൈസറിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മൂന്ന് അങ്കണവാടികൾ സന്ദർശിക്കുകയും ഭൗതിക സാഹചര്യം വിലയിരുത്തുകയുംചെയ്തു.

1.സെന്റർ നമ്പർ-27-വാടകക്ക് പ്രവർത്തിക്കുന്ന പ്രസ്തുത അങ്കണവാടി കെട്ടിടം ഒരു കോളനിക്കുള്ളിൽ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്.ടോയ്‌ലറ്റ് സൗകര്യം ഇല്ല. അടുക്കളയുടെ തറ പൊട്ടിപ്പൊളിഞ്ഞതാണ്.വെള്ളം സൂക്ഷിച്ചുവക്കുന്നതിനും സൗകര്യം ഇല്ല ആയതിനാൽ തന്നെ കുട്ടികളെ അങ്കണവാടിയിൽ അയക്കുന്നതിന് രക്ഷിതാക്കൾ വിമുഖത കാണിക്കുന്നതായി വർക്കർ അറിയിച്ചു .പരിശോധന സമയത്ത് മൂന്ന് കുട്ടികളാണ് അങ്കണവാടിയിൽ ഉണ്ടായിരുന്നത്.

2.)സെന്റർ നമ്പർ-46-സ്വന്തം കെട്ടിടം ആണ്.തറ പൊട്ടിപ്പൊളിഞ്ഞതാണ്.ടോയ്‌ലറ്റിന് ഡോർ ഇല്ല.വളരെ ചെറിയ കെട്ടിടം ആണ്. ചോർച്ച ഉള്ളതായും വർക്കർ അറിയിച്ചു.

3.)കുന്നത്തുകാട് കോളനി അങ്കണവാടി-കെട്ടിടം സൗകര്യം ഉള്ളതാണ്. എന്നാൽ സ്റ്റോർ റൂമിലെ റാക്കുകൾ പൊളിഞ്ഞതിനാൽ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിന് സൗകര്യം ഇല്ല.

40ാം നമ്പർ അങ്കണവാടി പഴക്കര വളരെ മോശം കെട്ടിടം ആണ് എന്ന് സൂപ്പർവൈസർ അറിയിച്ചു.പ്രസ്തുത കെട്ടിടം ശോചനീയാവസ്ഥയിലാണെന്നും പൊളിച്ചുപണിയണമെന്നും പഞ്ചായത്ത് കമ്മറ്റി 1.2.2019ൽ തീരുമാനം എടുത്തിരുന്നു. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.17/19.11.2019) മറുപടി ലഭ്യമാക്കിയില്ല.കുന്നത്തുകാട് കോളനിയിലെ 140ാം നമ്പർ അങ്കണവാടിക്ക് കറന്റ് കണക്ഷൻ ലഭ്യമായിട്ടില്ല എന്നും സൂപ്പർവൈസർ അറിയിച്ചു.

13ാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(കൈ)നം.11/2018/തസ്വഭവ/29.1.2018 ലെ ഖ.7.8.2 അങ്കണവാടികൾ പരിപാലിക്കൽ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-38 ആശ്രയ പദ്ധതി ചെലവഴിക്കാതെ അവശേഷിക്കുന്ന ഫണ്ട്-20,67718/-രൂ

ആശ്രയ ഒന്നും രണ്ടും പദ്ധതികൾക്കു ശേഷം ആശ്രയ മൂന്നാം ഘട്ടം അഗതിരഹിത കേരളം എന്ന പേരിൽ ആരംഭിച്ച പദ്ധതിക്ക് കുടുംബശ്രീ മിഷന്റെ അനുമതി ലഭിച്ചിട്ടുള്ളതാണ്.ആശ്രയ പദ്ധതിയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ രണ്ടാംഘട്ട പദ്ധതി അവസാനിച്ച ശേഷവും 1967718 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. 2018-19 ൽ അഗതിരഹിത കേരളം പദ്ധതിക്കായി അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ നൽകിയ 100000/-രൂ ഉൾപ്പെടെ ആകെ 2067718/-രൂ ആണ് നിലവിലെ അക്കൗണ്ട് ബാലൻസ്(ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ-10700171089)ആശ്രയ വിലയിരുത്തൽ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ ആശ്രയ പദ്ധതിയിൽ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നതിനെ കുറിച്ച് സമിതി പ്രത്യേകം ചർച്ച ചെയ്തതായി കാണുന്നില്ല.18.4.2018 ൽ ക്രെഡിറ്റ് ചെയ്ത ചലഞ്ച് ഫണ്ട് 333333/-രൂപയിൽ അവശേഷിക്കുന്ന തുകയും പ്ളാൻഫണ്ട് തുകയും ഉൾപ്പെടെ വലിയ തുക ബാലൻസ് ചെലവഴിക്കാതെ അവശേഷിച്ചിട്ടും വിലയിരുത്തൽ സമിതി ഫണ്ട് ചെലവഴിക്കേണ്ടതിലേക്ക് നിർദ്ദേശം നൽകാത്തത് ഖേദകരമാണ്.സർക്കാരിന്റെ പ്ലാൻ ഫണ്ട് മുത നിക്ഷേപമായി സൂക്ഷിക്കുന്നതും സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ആശ്രയ ഗുണഭോക്താക്കൾക്ക് നീക്കി വച്ച ഫണ്ട് ഫലപ്രദമായി ചെലവഴിക്കാത്തതിലേക്കും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-39 ലൈബ്രറി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് വക ലൈബ്രറിക്ക് നിലവിൽ ലൈബ്രറി കൗൺസിലിന്റെ ഡി ഗ്രേഡ് അഫിലിയേഷൻ ഉണ്ട്. ലൈബ്രറിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ബോധ്യപ്പെട്ടു. ആനുകാലികങ്ങൾ സൂക്ഷിക്കുന്നതിനായി റാക്ക് ഇല്ല. 2 അലമാരകളിലായി ആയിരത്തോളം പുസ്തകങ്ങൾ ഉപയോഗ ശൂന്യമായിരിക്കുകയാണ്. പുസ്തകങ്ങൾക്ക് കാറ്റലോഗ് തയ്യാറാക്കിയിട്ടില്ല. റഫറൻസ് ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും അവക്ക് പ്രത്യേക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലൈബ്രറിക്ക് ബോർഡ് ഇല്ല. കമ്പ്യൂട്ടർ കണക്ഷൻ ഇല്ല. ആയതിനാൽ കാറ്റലോഗ് തയ്യാറാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായി ലൈബ്രേറിയൻ അറിയിച്ചു. ഓരോ സാമ്പത്തിക വർഷാവസാനവും പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധിച്ച് ഉത്തരാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അത്തരത്തിൽ ഒരു

പരിശോധന നടത്തുന്നില്ല.ലൈബ്രറിയുടെ മിനിട്സ് പരിശോധിച്ചതിൽ വർഷങ്ങളായി സ്റ്റോക്ക് പരിശോധിക്കാത്ത വിഷയം ചർച്ച ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ലൈബ്രേറിയന് സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി ചാർജ്ജ് കൈമാറാത്തതും ചർച്ച ചെയ്തിട്ടുണ്ട്. സ്റ്റോക്ക് വെരിഫിക്കേഷൻ എല്ലാ വർഷവും നടത്തേണ്ടതാണ്. ലൈബ്രറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കേണ്ടതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-40 കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതിയിൽ നിന്നും പിൻവാങ്ങിയ ഗുണഭോക്താക്കൾക്ക് അടവാക്കിയ പദ്ധതിവിഹിതം തിരികെ ഈടാക്കി പ്ലാൻഫണ്ടിൽ അടവാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവഹണോദ്യഗസ്ഥനായ കന്നുകുട്ടി പരിപാലനപദ്ധതിയിൽ, 50 ഗുണഭോക്താക്കൾക്കായി താഴെ പറയും പ്രകാരം 312500/രൂപാ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

ബിൽ നം.3/18-19,dt.27-12-2018, തുക-250000/

ബിൽ നം. 5/2018-19,dt.11-2-2019,തുക-62500/

എന്നാൽ പദ്ധതിയിൽ നിന്നും, ഗോപി.പി.കെ.(5/ 19 വരെ), റോസിലി ക്ലീറ്റസ്(4/19 വരെ),സുനിതാ രവീന്ദ്രൻ(4/19 വരെ) എന്നീ ഗുണഭോക്താക്കൾ പദ്ധതി പൂർത്തിയാക്കാതെ പദ്ധതിയിൽ നിന്നും വിട്ട് പോയതായി കാണുന്നു. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവർക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം ജില്ലാ പ്രോജക്ട് ഓഫീസറിൽ നിന്നും തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 1-41 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകാതിരുന്നിട്ടും. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ പൂർത്തീകരിക്കേണ്ട തിയ്യതിക്കകം പ്രവർത്തി പൂർത്തിയാക്കാത്തത് നിർവ്വഹണോദ്യഗസ്ഥന്റെ ശുപാർശയിൽ പഞ്ചായത്ത് ഭരണസമിതി ഒരു തവണ പോലും സാധൂകരിച്ച നൽകുകയോ, സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7)എന്നിവ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല. ഈ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര് | എഗ്രിമെന്റ് നമ്പർ. തിയ്യതി | എസ്റ്റിമേറ്റ്/ എഗ്രീഡ് പി.എ.സി | അംഗീകൃത കാലയളവ് (ടെക്നിക്കൽ സാങ്ഷൻ ഉത്തരവ് പ്രകാരം) | പ്രവർത്തി അവസാനിച്ച തിയ്യതി | ബിൽ നമ്പർ, തുക, തിയ്യതി | ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ പിഴ |
|---|---|---|---|---|---|---|---|
| 1 | പ്രോജ.153/18-19. കരിയക്കാട് ശ്മശാനം റോഡ് മെയിന്റനൻസ് | 34/16-17/AE/LSGD/mala.22/02/2017 | 378946 | 2 മാസം (LSGD/TS/16-17/58753 Dt.14-01-2017 | 1/03/2019MB5/18-19 | 36/18-19 dt.19/03/19. തുക. 269951. | 3789 |
| 2 | പ്രോ.164/19 വടമ പാമ്പും മെക്കാട്ട് റോഡ്. | 60/17-18/AE/LSGD/ MALA dt. 31/03/2018 | 125416 | 3 മാസം (LSGD/TS/17-18/62509 DT.18.07.2017 | 16/02/2019 MB10/18-19 | 35/18-19 dt.18/03/2019. തുക.124791. | 1254 |
| 3 | പ്രോ. 122/18 | 61/17-18/AE/ LSGD/MALA. 31/03/18 | 215000 | 3 മാസം (LSGD/TS/17- | 20/02/2019 | 34/18-19 | 2150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വടമ വീട്ടിക്കാട്ടിപ്പാടം റോഡ് മെയിന്റനൻസ് | | | 18/62518 DT.18-07-17 | MB11/18-19 | dt.21.03.19. 152092 | |
| 4 | പ്രോ .129/19. ഹോളി ഗ്രേസ് ITIറോഡ് റീടാറിംഗ് | 9/17-18/AE/LSGD/ MALA Dt.29/04/17 | 236940 | 3 months (LSGD/TS/2016-17/17124 DT.01/03/2017 | 27/03/2018 MB.09/17-18 | ബിൽ.നം. 1/18-19 dt.29/05/2018 തുക. 227574. | 2369 |
| 5 | പ്രോ.184/19 മെയിന്റനൻസ് ഓഫ് കോട്ടമുറി സാംബവ കോളനി റോഡ്. | 54/17-18/AE/LSGD/ MALA DT.31/03/18 | 661226 | 3 മാസം. (LSGD/TS/17-18/5773 DT.24.02.18 | 8/02/19 MB.4/18-19 | ബിൽ നമ്പർ.31/18-19 dt.21/03/2019 | 6612 |
| 6 | പ്രോ.182/19 മെയിന്റനൻസ് ഓഫ് പുല്ലൻകുളങ്ങര ചൂണ്ടക്കാട് പാടം റോഡ് | 53/17-18/AE/LSGD/ MALA Dt.31/03/18 | 255948 | 3 മാസം. LSGD/TS/17-18/5859 DT. 23.02.18 | 30/01/2019. MB.7/18-19 | ബിൽ നമ്പർ. 115050. 30/18-19 dt.19/03/19. 140000 29/18-19 dt.13.03.19 | 2559 |
| 7 | തൈവളപ്പൻ കുന്ന് റോഡ് സെക്കൻഡ് മെറ്റലിംഗ് ടാറിംഗ് | 10/17-18/AE/LSGD/ MALA 29/04/17 | 911149.5 | 3 മാസം. (LSGD/TS/16-17/17126 DT. 01.03.17 | MB.26/03/18 10/2017-18 | ബിൽ നമ്പർ. 4/18-19 dt.14/06/18 859908 | 9111 |

# 1-42 നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല. എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ നിശ്ചിത സമയത്ത് എഗ്രിമെന്റ് വെച്ചിട്ടില്ല എന്ന കാണുന്നു. മാത്രമല്ല ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം നൽകേണ്ട സെലക്ഷൻ നോട്ടീസ് ഈ രണ്ടു പ്രവർത്തികളിലും കരാറുകാരന് നൽകിയതായും കാണുന്നില്ല. ടെൻഡർ തുറന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ട ഫേം പിരീഡിനകത്തു പോലും എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 2012 ലെ പി ഡബ്ള്യു ഡി മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി (2009.5)(2009.6) എഗ്രിമെന്റിലേർപ്പെട്ടത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ ഈടാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് പി.എ.സിയുടെ 1% തത്തുല്യമായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | എഗ്രീഡ് പി.എ.സി | ടെൻഡർ തുറന്ന തിയ്യതി | പഞ്ചായത്ത് കമ്മിറ്റി ടെൻഡർ അംഗീകരിച്ച തിയ്യതി | എഗ്രിമെന്റ് ഒപ്പിട്ട തിയ്യതി, എഗ്രിമെന്റ് നമ്പർ | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | കാവനാട് റിംഗ് റോഡ് | 497266 | 16/11/2017 | 20/11/2017 | 08/03/2018. | 4972 |

| | | | | | | |
|---|---|---|---|---|---|---|
| | മെയിന്റനൻസ്(159/19) | | | | 50/17-18/AE/LSGD/MALA Dt. 08/03/2017 | |
| 2 | ആനപ്പാറ കോൾകുന്ന് റോഡ് | 609757.41 | 16/11/2017 | 20/11/2017 | 14/02/2018. 49/2017-18/AE/LSGD/MALA | 6097 |

ആകെ 11069 രൂപ

# 1-43 എഞ്ചിനീയറിംഗ് പ്രവർത്തികളിൽ നടപ്പിലാക്കിയതിന്റെ എണ്ണം കുറവ്. ചെലവ് 33% മാത്രം.

2018-19 വർഷത്തെ എഞ്ചിനീയറിംഗ് പ്രവർത്തികളിൽ ആകെ അംഗീകരിച്ചിരുന്ന പ്രോജക്ടുകളുടെ എണ്ണം 95 എണ്ണമായിരുന്നു. എന്നാൽ തൻവർഷത്തിൽ ആകെ നടപ്പിലാക്കിയത് കേവലം 39 എണ്ണം പ്രോജക്ടുകൾ മാത്രമാണ്. ആകെ വകയിരുത്തിയ തുകയുടെ 33.7 % മാത്രമാണ് ചെലവഴിക്കാനായിട്ടുള്ളത്. സർക്കാർ വിഹിതമായ പ്ലാൻ ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ഈയിനങ്ങളിൽ മാത്രം 12474033 രൂപ വകയിരുത്തിയതിൽ 5375427 രൂപ മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ. അതായത് 43% മാത്രമാണ് ചെലവ് ഉണ്ടായിരിക്കുന്നത്. 57% തുക ഇതിൽ മാത്രം ലാപ്സായിട്ടുണ്ട്. റോഡ്, റോഡിതര ഇനങ്ങളിലെ ആകെ വകയിരുത്തൽ 20670298 രൂപയാണ്. ചെലവ് വന്നിരിക്കുന്നത് 8993762 രൂപയ്ക്കാണ്. 43.5% മാത്രമേ ഇതിലും ചെലവായിട്ടുള്ളൂ. ഗ്രാന്റുകൾ വലിയ തോതിൽ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാനുള്ള ജാഗ്രത ഭരണസമിതിയുടെ ഭാഗത്തുനിന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

# 1-44 ഓഡിറ്റിൽ നിർദ്ദേശിച്ച നടപടികൾ കൈക്കൊള്ളാതെ ബിൽ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.94898 രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.26

പഞ്ചായത്ത് ഓഫീസ് നവീകരണം

എം.ബുക്ക് 6/18-19 പേജ്. 2,15

ചെക്ക് നമ്പർ. 2342796 തിയ്യതി. 27.03.2019 തുക.97054

എഗ്രിമെന്റ് നമ്പർ. 35/2018-19/AE/LSGD/MALA 07/01/2019

2017-18 ലെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കെ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വിട്രിഫൈഡ് ടൈൽ വിരിക്കുന്നത് 21/01/2019, 22/01/2019 തിയ്യതികളിൽ ഓഡിറ്റ് ടീം നേരിട്ട് പരിശോധിക്കുകയുണ്ടായി.ഈ പ്രവർത്തിയിലെ ഇനം 2 ആയി ഉൾപ്പെടുത്തിയിരുന്ന കോൺഫറൻസ് ഹാളിലെ വിട്രിഫൈഡ് ടൈൽ പതിക്കുന്ന പ്രവർത്തിയിൽ നിശ്ചിത വിലയിൽ ഉൾപ്പെടുന്ന ടൈൽ അല്ല ഉപയോഗിച്ചിട്ടുള്ളത് എന്ന് ഓഡിറ്റിന് ബോധ്യപ്പെടുകയും സൂപ്പർവൈസറി ചുമതലയുള്ള എഞ്ചിനീയറെ രേഖാമൂലം വിവരമറിയിക്കുകയും ചെയ്തു. അസി.എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിക്ക് എ1/എഇ/എൽ.എസ്.ജി.ഡി/മാള തിയ്യതി 28/01/2019 പ്രകാരം ബിൽ നൽകുമ്പോൾ അധികം കണക്കാക്കി തിരികെ ഈടാക്കാമെന്ന് രേഖാമൂലം മറുപടി നൽകുകയുണ്ടായി. (ഓഡിറ്റ് പരാമർശം 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് നമ്പർ ksa/tsr/p4/419/2019 dt. 25/03/2019 ഖണ്ഡിക 3-13 ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്). എന്നാൽ 21/03/2019 ൽ പാർട്ട് ബിൽ തയ്യാറാക്കുകയും ഐറ്റം 11.41.2 ആയി 67.97 m2 ടൈൽ വിരിച്ചതിന് കരാർ റേറ്റായ 1450 രൂപ നിരക്കിൽ 98556 രൂപ എം ബുക്കിൽ മെഷർ ചെയ്തിട്ടുണ്ട്. റിടെൻഷൻ കഴിച്ച് ഇതിൽ 94898 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്ന് ഓഡിറ്റ് പരാമർശപ്രകാരമുള്ള ഏതെങ്കിലും തുക കുറവു വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് രേഖാമൂലം നൽകിയ മുന്നറിയിപ്പുണ്ടായിട്ടും മേൽനോട്ടച്ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും 17-18 ലെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരമുള്ള നഷ്ടം കണക്കാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.നിലവിൽ 94898 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-45 മെഷർ ചെയ്ത പ്രവൃത്തിയും യഥാർത്ഥ പ്രവൃത്തിയും ഒന്നല്ല. ആകെ ചെലവ് 158690 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ. 173/2019

ചെക്ക് നമ്പർ.9616012 തിയ്യതി 23/03/2019

മൊത്തതുക. 914522

എഗ്രിമെന്റ് നമ്പർ. 25/2017-18 /ae/lsgd/mala dt. 11.12.2017

എം.ബുക്ക് നമ്പർ. 53/17-18

ഇനം .എക്സ്ട്രാ ഐറ്റം.

പേജ്.61,62,63

മാള ഗ്രാമപഞ്ചായത്തിൽ വില്ലേജ് ഹട്ട് നിർമ്മാണം എന്ന പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റം 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നതും മെഷർ ചെയ്യതായി കാണിച്ചിരിക്കുന്നതും ബില്ല് നൽകിയിരിക്കുന്നതും സ്ക്വയർഫീറ്റിന് 1268.71 രൂപ നിരക്കിലുള്ള 500*500 mm വിട്രിഫൈഡ് ഫ്ലോർ ടൈൽസിന്റെ ഫ്ലോറിംഗിനാണ്. ആകെ 125.08 മീറ്റർ സ്ക്വയർ ഫ്ളോറിംഗിന് 158690 രൂപ ഇപ്രകാരം നൽകിയിട്ടുണ്ട്.എന്നാൽ 20/11/2019 ന് ഓഡിറ്റ് ടീം അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിട്ട് സന്ദർശിക്കുകയുണ്ടായി. എം ബുക്കിൽ ഐറ്റം മെഷർ ചെയ്ത 125.08 മീറ്റർ സ്ഥലത്തും 300*300 സെറാമിക്സ് ആന്റിസ്കിഡ് ഫ്ലോർ ടൈൽസ് വിരിച്ചതായാണ് കാണാൻ കഴിഞ്ഞത്. ഈ സാഹചര്യത്തിൽ താഴെ കാണിക്കുന്ന നിരീക്ഷണങ്ങൾക്ക് മറുപടി നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (എൻക്വയറി നമ്പർ.31/22.11.2019)

1. എക്സ്ട്രാ ഐറ്റം ആയി ഇനം ഉൾപ്പെടുത്തിയിട്ടും ഏത് സാഹചര്യത്തിലാണ് മെഷർ ചെയ്ത ഐറ്റവും നടത്തിയ പ്രവർത്തിയും തമ്മിൽ ബന്ധമില്ലാത്തത് എന്ന് വ്യക്തമാക്കുക.

2. നിലവിലെ ഷെഡ്യൂളിൽ 300*300 ആന്റി സ്കിഡ് സിറാമിക് ടൈൽസ് ഫ്ലോറിംഗിന്റെ വില ഉൾപ്പെട്ടിട്ടില്ല എങ്കിൽ എന്തു കൊണ്ടാണ് ഒബ്സർവ്ഡ് ഡാറ്റ ക്രിയേറ്റ് ചെയ്യാതിരുന്നത്.

3.എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനും , ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനും 300*300 ആന്റി സ്കിഡ് ടൈൽസ് ഫ്ലോറിംഗിനെ ഏതു സാഹചര്യത്തിലാണ് 500*500 വിട്രിഫൈഡ് ടൈൽസ് ഫ്ലോറിംഗ് എന്ന് മൂല്യനിർണയം നടത്തി ബില്ല് നൽകിയത്.

4.മാള ബ്ലോക്ക് പഞ്ചായത്തിൽ 2018-2019 വർഷം Providing and laying ceramic Antisquid floor tiles of size 300*300 mm (thickness to be specified by the manufacturer) of 1st quality conforming to IS 15622 of approved make, in colours such as white, ivory, gray,fume red brown laid 20 mm thick cement mortar 1:4 (one cement :4 coarse sand) including pointing the joints with cement and matching pigment etc. Complete എന്ന ഇനത്തിന് ഒബ്സർവ്ഡ് ഡാറ്റ ഉണ്ടാക്കിയിട്ടുണ്ടോ .

ഈ ചോദ്യങ്ങൾക്കൊന്നിനും കൃത്യമായ ഒരു മറുപടിയും നൽകാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. ചെയ്ത പ്രവൃത്തിയുടെ മൂല്യം സാങ്കേതികമായി എത്ര എന്ന് സമർത്ഥിക്കാനും നിലവിൽ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. അനുബന്ധമായി ഒരു രേഖയും സമർപ്പിച്ചിട്ടുമില്ല. ഇക്കാരണങ്ങളാൽ ഈ ഐറ്റത്തിനായുള്ള ആകെ 158690 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു.

# 1-46 പദ്ധതി മാർഗ്ഗരേഖ നിർദ്ദേശത്തിനു വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥനെ തീരുമാനിച്ചു.

29-01-2018ലെ സർക്കാർഉത്തരവ് (കൈ)11/2018/തസ്വഭവ പ്രകാരം പഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളെയും അവയുടെ കൺവീനർമാരെയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അതുപ്രകാരം ബന്ധപ്പെട്ട വർക്കിംങ്ങ് ഗ്രൂപ്പുകളുടെ കൺവീനർമാർ തന്നെയാണ് ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണോദ്യഗസ്ഥരാകേണ്ടത്.

1) പട്ടികജാതി പട്ടികവർഗ്ഗ വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ അസി സെക്രട്ടറിയാണ് . എന്നാൽ , പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര എന്ന പ്രോജക്റ്റ്, ഗവ. എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസാണ് നടപ്പിലാക്കിയിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർആയ അസി സെക്രട്ടറിയാണ് ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനാകേണ്ടിയിരുന്നത്.

പദ്ധതിരൂപീകരണത്തിന്റെ പ്രാഥമിക സംവിധാനമായ വർക്കിംഗ് ഗ്രൂപ്പിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥർ, നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കപ്പെടുന്നത് മേൽ പരാമർശിച്ച സർക്കാർ ഉത്തരവിന്റെയും, വികേന്ദ്രീകൃത പദ്ധതി ആസൂത്രണവും, നിർവ്വഹണവും സംബന്ധിച്ച് ഇതുവരെയുള്ള സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്.

# 1-47 മാള ഗ്രാമപഞ്ചായത്തിലെ MGNREGS പ്രവൃത്തിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഇല്ലിക്കൽ അമ്പലം റോഡ് കോൺക്രീറ്റിംഗ്. RC/272748

ആകെ മെറ്റീരിയൽസിന് ചിലവായ തുക. 161918 രൂപ

ആകെ സപ്ലൈ ചെയ്ത സാൻഡ് (കടത്തുകൂലി ഉൾപ്പെടെ)-13.9107 മീറ്റർ ക്യൂബ്

ആകെ ചിലവായ തുക. 30653.54

എം ബുക്ക് നമ്പർ. 85/18-19

ഈ പ്രവൃത്തിയിൽ സാധനങ്ങൾ സപ്ലൈ ചെയ്യാനായി MGNREGS /3729/18-19 പ്രകാരം ടെൻഡർ വിളിക്കുകയും ശ്രീ.സി.വി .ദേവസ്സിക്കുട്ടി എന്നയാളുടെ ടെൻഡർ അംഗീകരിച്ച് 29/11/2018 തിയ്യതി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.ആയതു പ്രകാരം എം സാൻഡ് കടത്തുകൂലി ഉൾപ്പെടെ ഒരു മീറ്റർക്യൂബിന് 1680 രൂപ നിരക്കിൽ സമ്മതിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ 8/1(23.11.2018 ) ലെ തീരുമാനപ്രകാരം ടെൻഡർ നിരക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തി നടപ്പിലാക്കിയപ്പോൾ ബിൽ പ്രകാരം 13.9107 മീറ്റർക്യൂബ് എം സാൻഡിന് 2200 രൂപ നിരക്കിൽ ആണ് നൽകിയിട്ടുള്ളത്.ആകെ നൽകേണ്ടിയിരുന്ന തുക23369.97 രൂപയും നൽകിയത് 30604 രൂപയുമാണ്. ഈ പ്രവർത്തിയിൽ മേൽപ്രകാരം കരാറുകാരന് 7234 രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 7234 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി MGNREGS ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. വർക്ക് ഫയലുകളിൽ തൊഴിലുറപ്പ് പദ്ധതി താല്ക്കാലിക ജീവനക്കാരൊഴികെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനും കൃത്യത പരിശോധിക്കുന്നതായി കാണുന്നില്ല. ഇത് ആവർത്തിക്കാതിരിക്കാൻനടപടി സ്വീകരിക്കേണ്ടതാണ്.

3. ഫയലുകളിൽ വേതനേതര ഘടകത്തിന്റെ FTO ഉൾപ്പെടുത്തികാണുന്നില്ല. ഇത് ഇത്തരം ചെലവുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു.

4. വേതനേതര ഘടകത്തിന്റെ ബില്ലുകൾ, വൗച്ചറുകൾ എന്നിവയിൽ ഒരു ഉദ്യോഗസ്ഥനും ഒപ്പു രേഖപ്പെടുത്തുകയോ ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

5. സിമന്റ് സ്റ്റോക്ക് രജിസ്റ്ററും ബില്ലുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. മെറ്റീരിയൽ വർക്കിനുള്ള വില നൽകുന്നത് മെറ്റീരിയൽസ് സ്റ്റാക്ക ചെയ്യുന്നത് ആരും സാക്ഷ്യപ്പെടുത്താതെയാണ് എന്ന് കാണുന്നു. മേൽകാണിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കുകയും ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

• •
ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകാതിരുന്നിട്ടും. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ പൂർത്തീകരിക്കേണ്ട തിയ്യതിക്കകം പ്രവർത്തി പൂർത്തിയാക്കാത്തത് നിർവ്വഹണോദ്യഗസ്ഥന്റെ ശുപാർശയിൽ പഞ്ചായത്ത് ഭരണസമിതി ഒരു തവണ പോലും സാധൂകരിച്ച നൽകുകയോ, സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7)എന്നിവ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല. ഈ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര് | എഗ്രിമെന്റ് നമ്പർ. തിയ്യതി | എസ്റ്റിമേറ്റ്/ എഗ്രീഡ് പി.എ.സി | അംഗീകൃത കാലയളവ് (ടെക്നിക്കൽ സാംങ്ഷൻ ഉത്തരവ് പ്രകാരം) | പ്രവർത്തി അവസാനിച്ച തിയ്യതി | ബിൽ നമ്പർ, തുക,തിയ്യതി | ഈടാ ക്കേണ്ട ഏറ്റവും കുറഞ്ഞ പിഴ |
|---|---|---|---|---|---|---|---|
| 1 | പ്രോജ.153/18-19. കരിയക്കാട് ശ്മശാനം റോഡ് മെയിന്റനൻസ് | 34/16-17/AE/LSGD/mala.22/02/2017 | 378946 | 2 മാസം (LSGD/TS/16-17/58753 Dt.14-01-2017 | 1/03/2019 MB5/18-19 | 36/18-19 dt.19/03/19. തുക. 269951. | 3789 |
| 2 | പ്രോ.164/19 വടമ പാമ്പും മെക്കാട്ട് റോഡ്. | 60/17-18/AE/LSGD/ MALA dt.31/03/2018 | 125416 | 3 മാസം (LSGD/TS/17-18/62509 DT.18.07.2017 | 16/02/2019 MB10/18-19 | 35/18-19 dt.18/03/2019. തുക.124791. | 1254 |
| 3 | പ്രോ. 122/18 വടമ വീട്ടിക്കാട്ടിപ്പാടം റോഡ് മെയിന്റനൻസ് | 61/17-18/AE/LsGD/MALA. 31/03/18 | 215000 | 3 മാസം (LDGD/TS/17-18/62518 DT.18-07-17 | 20/02/2019 MB11/18-19 | 34/18-19 dt.21.03.19. 152092 | 2150 |
| 4 | പ്രോ .129/19. ഹോളി ഗ്രേസ് ITIറോഡ് റീടാറിംഗ് | 9/17-18/AE/LSGD/MALA Dt.29/04/17 | 236940 | 3 months (LSGD/TS/2016-17/17124 DT.01/03/2017 | 27/03/2018 MB.09/17-18 | ബിൽ.നം. 1/18-19 dt.29/05/2018 തുക. 227574. | 2369 |
| 5 | പ്രോ.184/19 മെയിന്റനൻസ് ഓഫ് കോട്ടമുറി | 54/17-18/AE/LSGD/MALA DT. 31/03/18 | 661226 | 3 മാസം (LSGD/TS/17-18/5773 DT.24.02.18 | 8/02/19 MB.4/18-19 | ബിൽ നമ്പർ.31/18-19 dt.21/03/2019 | 6612 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സാംബവ കോളനി റോഡ്. | | | | | | |
| 6 | പ്രോ.182/19 മെയിന്റനൻസ് ഓഫ് പുല്ലൻകുളങ്ങര ചൂണ്ടക്കാട് പാടം റോഡ് | 53/17-18/AE/LSGD/MALA Dt. 31/03/18 | 255948 | 3 മാസം. LDGD/TS/17-18/5859 DT. 23.02.18 | 30/01/2019.MB.7/18-19 | ബിൽ നമ്പർ. 115050. 30/18-19 dt.19/03/19. 140000 29/18-19 dt.13.03.19 | 2559 |
| 7 | തൈവളപ്പൻ കുന്ന് റോഡ് സെക്കൻഡ് മെറ്റലിംഗ് ടാറിംഗ് | 10/17-18/AE/LSGD/ MALA 29/04/17 | 911149.5 | 3 മാസം. (LSGD/TS/16-17/17126 DT. 01.03.17 | MB.26/03/18 10/2017-18 | ബിൽ നമ്പർ. 4/18-19 dt.14/06/18 859908 | 9111 |
| | | | | | ആകെ | | 27844 |

## 3-2 നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല. എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ നിശ്ചിത സമയത്ത് എഗ്രിമെന്റ് വെച്ചിട്ടില്ല എന്നു കാണുന്നു. മാത്രമല്ല ടെൻഡർ സ്വീകരിച്ച് ഏഴു ദിവസത്തിനകം നൽകേണ്ട സെലക്ഷൻ നോട്ടീസ് ഈ രണ്ടു പ്രവർത്തികളിലും കരാറുകാരന് നൽകിയതായും കാണുന്നില്ല. ടെൻഡർ തുറന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ട ഫേം പിരീഡിനകത്തു പോലും എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 2012 ലെ പി ഡബ്ള്യു ഡി മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി (2009.5)(2009.6) എഗ്രിമെന്റിലേർപ്പെട്ടത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ ഈടാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് പി.എ.സിയുടെ 1% തത്തുല്യമായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | എഗ്രീഡ് പി.എ.സി | ടെൻഡർ തുറന്ന തിയ്യതി | പഞ്ചായത്ത് കമ്മിറ്റി ടെൻഡർ അംഗീകരിച്ച തിയ്യതി | എഗ്രിമെന്റ് ഒപ്പിട്ട തിയ്യതി, എഗ്രിമെന്റ് നമ്പർ | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | കാവനാട് റിംഗ് റോഡ് മെയിന്റനൻസ്(159/19) | 497266 | 16/11/2017 | 20/11/2017 | 08/03/2018. 50/17-18/AE/LSGD/MALA Dt. 08/03/2017 | 4972 |
| 2 | ആനപ്പാറ കോൾകുന്ന് റോഡ് | 609757.41 | 16/11/2017 | 20/11/2017 | 14/02/2018. 49/2017-18/AE/LSGD/MALA | 6097 |

ആകെ.11069

## 3-3 അംഗീകരിച്ച ക്വട്ടേഷനേക്കാൾ മെറ്റീരിയൽസിന് വില

## കൂടുതൽ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അധികം നൽകിയ തുക 7234 രൂപ തിരികെ അടവാക്കേണ്ടതാണ്.

ഇല്ലിക്കൽ അമ്പലം റോഡ് കോൺക്രീറ്റിംഗ്. RC/272748

ആകെ മെറ്റീരിയൽസിന് ചിലവായ തുക. 161918 രൂപ

ആകെ സപ്ലൈ ചെയ്ത സാൻഡ് (കടത്തുകൂലി ഉൾപ്പെടെ)-13.9107 മീറ്റർ ക്യൂബ്

ആകെ ചിലവായ തുക. 30653.54

എം ബുക്ക് നമ്പർ. 85/18-19

ഈ പ്രവർത്തിയിൽ സാധനങ്ങൾ സപ്ലൈ ചെയ്യാനായി MGNREGS /3729/18-19 പ്രകാരം ടെൻഡർ വിളിക്കുകയും ശ്രീ.സി.വി .ദേവസ്സിക്കുട്ടി എന്നയാളുടെ ടെൻഡർ അംഗീകരിച്ച് 29/11/2018 തിയ്യതി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.ആയതു പ്രകാരം എം സാൻഡ് കടത്തുകൂലി ഉൾപ്പെടെ ഒരു മീറ്റർക്യൂബിന് 1680 രൂപ നിരക്കിൽ സമ്മതിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ 8/1(23.11.2018 ) ലെ തീരുമാനപ്രകാരം ടെൻഡർ നിരക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തി നടപ്പിലാക്കിയപ്പോൾ ബിൽ പ്രകാരം 13.9107 മീറ്റർക്യൂബ് എം സാൻഡിന് 2200 രൂപ നിരക്കിൽ ആണ് നൽകിയിട്ടുള്ളത്.ആകെ നൽകേണ്ടിയിരുന്ന തുക23369.97 രൂപയും നൽകിയത് 30604 രൂപയുമാണ്. ഈ പ്രവർത്തിയിൽ മേൽപ്രകാരം കരാറുകാരന് 7234 രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 7234 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി MGNREGS ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 മെഷർ ചെയ്ത പ്രവർത്തിയും യഥാർത്ഥ പ്രവർത്തിയും ഒന്നല്ല. ആകെ ചിലവ് 158690 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ. 173/2019

ചെക്ക് നമ്പർ.9616012 തിയ്യതി 23/03/2019

മൊത്തതുക. 914522

എഗ്രിമെന്റ് നമ്പർ. 25/2017-18 /ae/lsgd/mala dt. 11.12.2017

എം.ബുക്ക് നമ്പർ. 53/17-18

ഇനം .എക്സ്ട്രാ ഐറ്റം.

പേജ്.61,62,63

മാള ഗ്രാമപഞ്ചായത്തിൽ വില്ലേജ് ഹട്ട് നിർമ്മാണം എന്ന പ്രവർത്തിയിൽ എക്സ്ട്രാ ഐറ്റം 1 ആയി ഉൾപ്പെടുത്തിയിരിക്കുന്നതും മെഷർ ചെയ്തതായി കാണിച്ചിരിക്കുന്നതും ബില്ല് നൽകിയിരിക്കുന്നതും സ്ക്വയർഫീറ്റിന് 1268.71 രൂപ നിരക്കിലുള്ള 500*500 mm വിട്രിഫൈഡ് ഫ്ലോർ ടൈൽസിന്റെ ഫ്ലോറിംഗിനാണ്. ആകെ 125.08 മീറ്റർ സ്ക്വയർ ഫ്ളോറിംഗിന് 158690 രൂപ ഇപ്രകാരം നൽകിയിട്ടുണ്ട്.എന്നാൽ 20/11/2019 ന് ഓഡിറ്റ് ടീം അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിട്ട് സന്ദർശിക്കുകയുണ്ടായി. എം ബുക്കിൽ ഐറ്റം മെഷർ ചെയ്ത 125.08 മീറ്റർ സ്ഥലത്തും 300*300 സെറാമിക്സ് ആന്റിസ്കിഡ് ഫ്ലോർ ടൈൽസ് വിരിച്ചതായാണ് കാണാൻ കഴിഞ്ഞത്. ഈ സാഹചര്യത്തിൽ താഴെ കാണിക്കുന്ന നിരീക്ഷണങ്ങൾക്ക് മറുപടി നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (എൻക്വയറി നമ്പർ. 31/22-11-2019)

1. എക്സ്ട്രാ ഐറ്റം ആയി ഇനം ഉൾപ്പെടുത്തിയിട്ടും ഏത് സാഹചര്യത്തിലാണ് മെഷർ ചെയ്ത ഐറ്റവും നടത്തിയ പ്രവർത്തിയും തമ്മിൽ ബന്ധമില്ലാത്തത് എന്ന് വ്യക്തമാക്കുക.

2. നിലവിലെ ഷെഡ്യൂളിൽ 300*300 ആന്റി സ്കിഡ് സിറാമിക് ടൈൽസ് ഫ്ലോറിംഗിന്റെ വില ഉൾപ്പെട്ടിട്ടില്ല എങ്കിൽ എന്തു കൊണ്ടാണ് ഒബ്സർവ്ഡ് ഡാറ്റ ക്രിയേറ്റ് ചെയ്യാതിരുന്നത്.

3.എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനും , ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനും 300*300 ആന്റി സ്കിഡ് ടൈൽസ് ഫ്ലോറിംഗിനെ ഏതു സാഹചര്യത്തിലാണ് 500*500 വിട്രിഫൈഡ് ടൈൽസ് ഫ്ലോറിംഗ് എന്ന് മൂല്യനിർണയം നടത്തി ബില്ല് നൽകിയത്.

4.മാള ബ്ലോക്ക് പഞ്ചായത്തിൽ 2018-2019 വർഷം Providing and laying ceramic Antisquid floor tiles of size 300*300 mm (thickness to be specified by the manufacturer) of 1st quality conforming to IS 15622 of approved make, in colours such as white, ivory, gray,fume red brown laid 20 mm thick cement mortar 1:4 (one cement :4 coarse sand) including pointing the joints with cement and matching pigment etc. Complete എന്ന ഇനത്തിന് ഒബ്സർവ്ഡ് ഡാറ്റ ഉണ്ടാക്കിയിട്ടുണ്ടോ .

ഈ ചോദ്യങ്ങൾക്കൊന്നിനും കൃത്യമായ ഒരു മറുപടിയും നൽകാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. ചെയ്ത പ്രവർത്തിയുടെ മൂല്യം സാങ്കേതികമായി എത്ര എന്ന് സമർത്ഥിക്കാനും നിലവിൽ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. അനുബന്ധമായി ഒരു രേഖയും സമർപ്പിച്ചിട്ടുമില്ല. ഇക്കാരണങ്ങളാൽ ഈ ഐറ്റത്തിനായുള്ള ആകെ 158690 രൂപയുടെ ചിലവ് നടപടി ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-5 എം ബുക്ക് പ്രകാരമുള്ള പ്രവർത്തികൾ നടത്തിയതായി ഭൗതിക പരിശോധനയിൽ കണ്ടില്ല- പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമല്ല.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ഭൗതികപരിശോധനയിൽ എം ബുക്ക് പ്രകാരമുള്ള പ്രവർത്തികൾ നടത്തിയതായി കണ്ടില്ല.

എ)പദ്ധതി നം-142/19- പുതിയ ഫ്രണ്ട് ഓഫീസ് വൈദ്യുതീകരണം (തനത് ഫണ്ട്)

കോൺട്രാക്ടർ- ഗിരിജകുമാർ, ഗ്രേയ്സ് ഇലക്ട്രിക്കൽസ്, കുഴൂർ

എം ബുക്ക് നം-6/2017-18

ബിൽ/ വൗച്ചർ നം-21800476,തിയതി31-7-2018, തുക-96867

ഐറ്റം നം-8 -wall mounting fans -2 nos 1894/per unit, ആകെ3788/രൂപ

ഐറ്റം നം-10- ceiling fans -4 nos 2182/ per unit,ആകെ 8728/ രൂപ

എന്നാൽ ഭൗതിക പരിശോധനയിൽ 5 വോൾ ഫാൻ ഒരു സീലിംഗ് ഫാൻ എന്നിങ്ങനെ സ്ഥാപിച്ചതായാണ് കണ്ടത്. ആയതിനാൽ അധികം നൽകിയ തുക

5 വോൾ ഫാൻ 1894/ രൂപ നിരക്കിൽ - 9470

1 സീലിംഗ് ഫാൻ 2182/ രൂപ നിരക്കിൽ -2182

- --------------

11652

എം ബുക്ക് പ്രകാരം നൽകിയത് - 12516

- --------------------

അധികം നൽകിയത് - 864

- -------------

ബി) പദ്ധതി നം-143/19

വനിതാ വ്യവസായ പ്ളോട്ട് വൈദ്യുതീകരണം

കോൺട്രാക്ടർ – ശ്രീ. ലിയോ.പി.എൽ., പാറേക്കാടൻ

എം ബുക്ക് നം-1/2017-18/sec

ബിൽ നമ്പർ – 8/18-19, dt.31/7/18, തുക – 245970/-

ഐറ്റം നം-48

1 എച്ച് പി കിർലോസ്കർ പമ്പ് സെറ്റ് , 13457/ രൂപാ

എന്നാൽ സ്ഥലപരിശോധനയിൽ മോട്ടോർ കണ്ടില്ല.

ആയതിനാൽ അധികം നൽകിയത്-13457

ഈ രണ്ട് ഫയലുകളുടെയും പരിശോധനയിൽ, പ്രസിഡന്റ്, അസി. സെക്രട്ടറി, വാർഡ് മെമ്പർമാർ എന്നിവരടങ്ങിയവർ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ,മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് കൃത്യമല്ല എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആയതിനാൽ മേൽ പ്രവർത്തികളിൽ അധികം നൽകിയ 864+13457=14321/ രൂപാ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | നെൽകൃഷി | 400000 | 0 |
| | | 566579 | ലൈഫ് | 566579 | 0 |
| | | 200000 | പാൽ സബ്സിഡി | 200000 | 0 |
| | | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 439005 | 60995 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാൽ സബ്സിഡി | 200000 | 0 |
| | | 646315 | ലൈഫ് | 646315 | 0 |
| | | 200000 | | 194257 | 5743 |
| | | 200000 | സ്ട്രീറ്റ് ലൈറ്റ് | 170675 | 29325 |
| | | 100000 | പച്ചക്കറി കൃഷി | 100000 | 0 |
| | | 119750 | സ്ട്രീറ്റ് ലൈറ്റ് എസ് സി പി | 0 | 119750 |
| | | 375000 | പി എച്ച് സ്കോളർഷിപ്പ് | 329250 | 45750 |

വാർഷിക കണക്കിൽ B4 പത്രികയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ബാക്കി നിൽക്കുന്നത് 648324/- രൂപയാണ്. എന്നാൽ പത്രികയിൽ 200568 രൂപയുടെ വിവരങ്ങളെ നൽകാൻ പഞ്ചായത്തിനായിട്ടുള്ളൂ. വ്യത്യാസം ഭാവിയിൽ ക്രമീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ | 21801534 | 1953309 | 1953309 | 0 |
| | ,, | 21801535 | 173767 | 173767 | 0 |
| | ,, | 21801536 | 312936 | 312936 | 0 |
| | ,, | 21801538 | 57945 | 57945 | 0 |
| | ,, | 21801541 | 236708 | 236708 | 0 |
| | ,, | 21801337 | 170675 | 170675 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.(കൈ)നം.34/2018 ത.സ്വ.ഭ.വ/16.3.2018 | 1829845 | 0 | 0 | 0 | 1829845 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16741244 |
| തൻവർഷം നിക്ഷേപിച്ച തുക | 1383144 |
| ആകെ | 18124388 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18124388 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2.6.2 | 2500 | പ്രിൻസിപ്പാൾ ഹോളി ഗ്രേസ് അക്കാദമി,മാള | 119030101599/4.6.2019 |
| | 2.6.2 | 900 | ചെയർമാൻ, മെറ്റ്സ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് | 119030101666/7.6.2019 |

| | | | | |
|---|---|---|---|---|
| | 2.6.4. | 1500 | ജോണി.പി.വി.ഡ്രൈവർ,മാള ഗ്രാമപഞ്ചായത്ത് | 119030101716/10.6.2019 |
| | 2.6.4. | 1500 | മാലതി.സി.എൻ, പി.ടി .എസ്,മാള ഗ്രാമപഞ്ചായത്ത് | 119030101716/10.6.2019 |
| | 2.6.2 | 150 | ലിഡിയ ജോ, മാക്സ് വാല്യൂ ഇൻവെസ്റ്റ്മെന്റ് | 119030101840/15.6.2019 |
| | 2.6.2 | 150 | ഗോകുൽദാസ് | 119030101841/15.6.2019 |
| | 2.6.2. | 550 | ഫ്രെഡി വർഗീസ് | 119030101842/15.6.2019 |
| | 2.2 | 300 | സജീർ.എം.എസ്. | 119030101920/18.6.2019 |
| | 2.2 | 300 | ഡോ.സി.എസ്.ജോർജ് | 119030102001/21.6.2019 |
| | 2.2 | 300 | ഏലമ്മ ജേക്കബ് | 119030102005/21.6.2019 |
| | 2.3 | 1250 | മാനേജർ, എൽ ഐ സി ഓഫ് ഇൻഡ്യ,മാള | 119030500012/26.6.2019 |
| | 2.6.4 | 900 | അബ്ദുൾ ലത്തീഫ്, ഡ്രൈവർ | 119030102223/2.7.2019 |
| | 2.6.4. | 1500 | ഉഷ ബാലൻ (എഫ് ടി എസ്) | 119030102229/2.7.2019 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3(2) | 2016-17 | 3(2) | ഫുഡ്കോർട്ട് നിർമ്മാണം- അപാകതകൾ- പ്രത്യേക ഘടക പദ്ധതി | ന്യൂനതാ പരിഹാരനടപടി പത്രിക നിയമസഭാസമിതിയിൽ സമർപ്പിക്കുന്നതിനായി അസി.ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113776914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99977909 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 219158 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 309488 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 16364 | അസി.എഞ്ചിനീയർ,ഐവിൻ ഗോഡ് വിൻ ഡിസിൽവ |
| 3-1 | | 11480 | അസി.എഞ്ചിനീയർ, ശ്രീമതി ഗേളി മേരി ജോർജ് |
| 3-2 | | 11069 | അസി.എഞ്ചിനീയർ,ഐവിൻ ഗോഡ് വിൻ ഡിസിൽവ |
| 3-3 | | 7234 | അസി.സെക്രട്ടറി ,ശ്രീമതി റെജി പോൾ |
| 3-4 | | 158690 | അസി.എഞ്ചിനീയർ,ഐവിൻ ഗോഡ് വിൻ ഡിസിൽവ |
| 3-5 | | 864 | സെക്രട്ടറി , സ്റ്റാർലി .ഒ.എസ് |
| 3-5 | | 13457 | സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 150000 | അസി.സെക്രട്ടറി ,ശ്രീമതി റെജി പോൾ (സെക്രട്ടറി ഇൻ ചാർജ്) |
| 1-31 | 44240 | മെഡിക്കൽ ഓഫീസർ, ആഷ സേവ്യർ |
| 1-36 | 20350 | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്., ശ്രീമതി. കോമളവല്ലി |
| 1-44 | 94898 | അസി.എഞ്ചിനീയർ,ഐവിൻ ഗോഡ് വിൻ ഡിസിൽവ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഐവിൻ ഗോഡ് വിൻ ഡിസിൽവ അസി.എഞ്ചിനീയർ | നെൻമാറ ഗ്രാമപഞ്ചായത്ത്, പാലക്കാട് | പിടിയക്കൽ ഹൗസ് കാടുകുറ്റി പി.ഒ തൃശ്ശൂർ |
| ശ്രീമതി റെജി പോൾ അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | സെക്രട്ടറി കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പാലക്കാട് | |
| ആഷ സേവ്യർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാള ഗ്രാമപഞ്ചായത്ത് | മാഞ്ഞൂരാൻ ഹൗസ്, |

| | | |
|---|---|---|
| | | മാള പി.ഒ തൃശ്ശൂർ |
| ശ്രീമതി ഗേളി മേരി ജോർജ് അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ കുന്നകര ഗ്രാമപഞ്ചായത്ത് | കയ്യാലപറമ്പിൽ വേരൂർ പി.ഒ ചങ്ങനാശ്ശേരി കോട്ടയം ജില്ല |
| സ്റ്റാർലി .ഒ.എസ്, സെക്രട്ടറി | സെക്രട്ടറി കടക്കാവൂർ ഗ്രാമപഞ്ചായത്ത് | വിപഞ്ചിക, മാർക്കറ്റ് റോഡ് ആറ്റിങ്ങൽപി.ഒ തിരുവനന്തപുരം |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(* കേരള മുനിസിപ്പാലിറ്റി ആക്റ്റ് 295 (14) പ്രകാരം ചാർജ് സർട്ടിഫൈ ചെയ്ത തുക 30 ദിവസത്തിനകം മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതാണ് അല്ലാത്തപക്ഷം ആയത് സ്ഥാപനത്തിന ലഭിക്കേണ്ട തുകയായി പരിഗണിച്ച് ഭൂനികുതിയിൻ മേലുള്ള കുടിശ്ശികയായി പിരച്ചെടുക്കാവുന്നതാണ്.

* കേരള പഞ്ചായത്തിരാജ് ആക്റ്റിലെ സെക്ഷൻ 210 പ്രകാരം പഞ്ചായത്തിന പിരിഞ്ഞു കിട്ടേണ്ടതുക ഭൂനികുതിയിൻ മേലുള്ള കുടിശ്ശികയായി പിരച്ചെടുക്കാവുന്നതാണ്. (ഭൂമിയിൻ മേലുള്ള കുടിശ്ശിക പിരിച്ചെടുക്കാവുന്നത് അപ്രായോഗികമായതിനാൽ ടി കുടിശ്ശികയ്ക്ക് കാരണക്കാരനെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണ് എന്ന് കേരള പഞ്ചായത്തിരാജ് ആക്റ്റിലെ സെക്ഷൻ 210-ൽ പ്രതിപാദിക്കുന്നു.)

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.ടി.പി.12-465/98/26.9.98 |
| 97-98,ചെലവ് | എൽ.എഫ്.ടി.പി.13-1108/99/18.3.00 |
| 97-98,വരവ് | എൽ.എഫ്.ടി.13-1597/01/17.4..02/2.8.02 |
| 98-99,ചെലവ് | എൽ.എഫ്.ടി.13- -345/00/13.2.00 |
| 98-99 വരവ് | എൽ.എഫ്.ടി.13-1596/01/17.4.02/2.8.02 |
| 99-00 | എൽ.എഫ്.ടി..13-1379/02/7.5.03 |
| 2000-01 | എൽ.എഫ്.ടി..13-1657/01/3.3.02 |
| 01-02 | എൽ.എഫ്.ടി.13-1355/06/3.1.06 |
| 01-02,പ്ലാൻ | എൽ.എഫ്.ടി.13-1529/04/1.7.04 |
| 02-03 | എൽ.എഫ്.ടി.(പി.4)51/14/14.3.14/3.7.14 |
| 03-04 | |
| | |

| | |
|---|---|
| 04-05 | |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.പി.4-1903/11/31.12.11 |
| 08-09 | എൽ.എഫ്.ടി.പി4/1904/12/31.12.11/09.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി4-1905/12/18.02.13/16.07.13 |
| 11-12 | എൽ.എഫ്.ടി.പി4/1415/ 13/10.03.14/02.05.14 |
| 12-13 | എൽ.എഫ്.ടി.പി4/1719/ 14/4.2.15/10.2.15 |
| 13-14 | കെഎസ്എ ടിഎസ്ആർ(പി4) 1195/15/15.10.15/21.10.15 |
| 14-15 | ടിഎസ്ആർ(പി4) 1210/16/22.07.16 |
| 2015-16 | നം.കെ.എസ്.എ. ടി.എസ്.ആർ.(പി-4)/1907/16 തീയതി: 11.11.2016 |
| 2016-17 | കെ.എസ്.എ. ടി.എസ്.ആർ. (പി-4)1417/2017/4.10.17/9.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി4)419/2019 തിയതി.25.03.2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-ടി.എസ്.ആർ(പി.4)1786/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി: 06/02/2020

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാള ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ